# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്തിയതോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP/P.2/1150/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്തിയതോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.2/1150/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ബീന എ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി വത്സല | പ്രസിഡന്റ് | 01-04-2022 | 31-12-2022 |
| ശ്രീ. പ്രതീഷ് പി പി | പ്രസിഡന്റ് | 01-01-2023 | 27-01-2023 |
| ശ്രീമതി. എം ജി രാജേശ്വരി | പ്രസിഡന്റ് | 28-01-2023 | 31-03-2023 |
| ശ്രീ. പി സി സേവ്യർ | സെക്രട്ടറി | 01-04-2022 | 20-07-2022 |
| ശ്രീമതി. ജയ ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-07-2022 | 10-10-2022 |
| ശ്രീ. പി ആർ സജി | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിജി എൻ നാഥ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഗുരുപ്രിയ വി എസ് | വെറ്ററിനറി സർജൻ | 01-04-2022 | 12-12-2022 |
| ഡോ.സംഗീത് നാരായൺ | വെറ്ററിനറി സർജൻ | 13-12-2022 | 31-03-2023 |
| ശ്രീമതി. റീന മനോജ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 11-01-2023 |
| ശ്രീമതി. അഖില വി നാഥ് | ഐ സി ഡി എസ് സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ഡോ. അരുൺ ജോസഫ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. ജിജിമോൾ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 16-06-2022 |
| ഡോ. എലിശ്വ കെ എഫ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 17-06-2022 | 22-06-2022 |
| ഡോ. റ്റി രജീന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 23-06-2022 | 31-03-2023 |
| ഡോ. ജലീന നാലകത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജലജ വി പൈ | പ്രധാന അദ്ധ്യാപിക, ഗവ.എൽ പി എസ്, പറയകാട് | 01-04-2022 | 31-03-2023 |
| ശ്രീ. കബീർ കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-06-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ജാൻസി എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 04-06-2022 | 31-03-2023 |
| ശ്രീമതി. ജയ ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. വിനീത് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കുത്തിയതോട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിജുമോൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നാലുകുളങ്ങര സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ എലിസബത്ത് ജോഷ്വാ | ഫിഷറീസ് ഓഫീസർ | 01-04-2022 | 20-12-2022 |
| ശ്രീ. പ്രമോദ് യു നായർ | ഫിഷറീസ് ഓഫീസർ | 21-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ഏ സി ആർ , വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള ചെലവ് യോജിക്കുന്നില്ല. | 1-1-3 |
| 5 | പാസ്ബുക്ക് , ബാങ്ക് റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല | 1-1-4 |
| 6 | വസ്തു നികുതി ഡിമാന്റ് തുക, സഞ്ചയ പ്രകാരമമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ യോജിക്കുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വാടക ഡി സി ബി തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | പെർമിറ്റ് രജിസ്റ്ററിൽ ഡി സി ബി വിവരം രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | സ്ഥിര നിക്ഷേപം - സർട്ടിഫിക്കറ്റ്, വാർഷിക കണക്ക് എന്നിവ യോജിക്കുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ വാടക, ലേലം എന്നീ ഇനങ്ങളിലുള്ള തുകകളും വാർഷിക കണക്കും തമ്മിൽ യോജിക്കുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 22 | കെട്ടിട നികുതി - നിരക്ക് കുറച്ച് നികുതി നിർണ്ണയിച്ചതുമൂലം നഷ്ടം | 1-11 |
| 23 | വസ്തു നികുതി നിർണ്ണയത്തിലെ വിവിധ അപാകതകൾ | 1-12 |
| 24 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 1-13 |

| | | |
|---|---|---|
| 25 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തത് സംബന്ധിച്ച് | 1-14 |
| 26 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകതകൾ | 1-15 |
| 27 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 1-16 |
| 28 | കെട്ടിടത്തിന്റെ ഉപയോഗക്രമം വ്യക്തമല്ല | 1-17 |
| 29 | പെട്രോൾ പമ്പുകളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 1-18 |
| 30 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ലഭ്യമാകുന്നില്ല | 1-19 |
| 31 | ലേലം - വിവിധ അപാകതകൾ | 1-20 |
| 32 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വൻതുക നിലനിർത്തുന്നത് പലിശയിനത്തിൽ നഷ്ടമുണ്ടാക്കുന്നു | 1-21 |
| 33 | ഡേ ബുക്ക് - പാസ് ബുക്ക് പരിശോധന- പല തുകകളും പാസ് ബുക്കിൽ വരവായി കാണുന്നില്ല | 1-22 |
| 34 | ഓഡിറ്റ് ഇംപാക്ട് - ബിൽഡിംഗ് പെർമിറ്റ് - അപേക്ഷാ ഫീസിൽ കുറവ് വന്ന തുക ഈടാക്കി | 1-23 |
| 35 | ചെലവഴിക്കാതെ തുക അക്കൌണ്ടിൽ നിലനിൽക്കുന്നു | 1-24 |
| 36 | ബയോ ഫ്ളോക് മത്സ്യകൃഷി - അപാകതകൾ | 1-25 |
| 37 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കി | 1-26 |
| 38 | വെള്ളക്കരം ഒടുക്കൽ - കൃത്യമായി ഒടുക്കിയ മാസത്തെ വെള്ളക്കരം കുടിശികയായി കണക്കാക്കി ഫൈൻ ചുമത്തി ഡിമാന്റ് നോട്ടീസ് നല്കി വരുന്നു | 1-27 |
| 39 | വാർദ്ധക്യകാല പെൻഷൻ - മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് പിന്നീടും തുക നല്കിയിരിക്കുന്നു | 1-28 |
| 40 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ്ടോപ്പ് നൽകി | 1-29 |
| 41 | സൌരഗാർഹിക വിളക്ക് -വിതരണ വിവരം ലഭ്യമല്ല | 1-30 |
| 42 | തൊഴിലുറപ്പ് പദ്ധതി - രണ്ടുവർഷത്തെ പരിപാലനച്ചെലവ് കൂടി തൊഴിൽദിനങ്ങളിൽ ഉൾപ്പെടുത്തി മുൻകൂറായി തുക അനുവദിച്ചു | 1-31 |
| 43 | തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം -ഗുണഭോക്താക്കൾ വാങ്ങിയ സാധനങ്ങൾക്കനുസൃതമായി ബിൽ തുക പരിമിതപ്പെടുത്തിയില്ല | 1-32 |
| 44 | തൊഴിലുറപ്പ് പദ്ധതി -സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന് ക്വട്ടേഷൻ ക്ഷണിച്ചില്ല | 1-33 |
| 45 | തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - മുള വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല | 1-34 |
| 46 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-35 |

| | | |
|---|---|---|
| 47 | സർക്കാർ ഉത്തരവിനു വിരുദ്ധമായി മെയിന്റനൻസ് ഫണ്ടിനു (റോഡിതരം) പകരം വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും തുക ചെലവഴിച്ചു | 1-36 |
| 48 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.), പള്ളിത്തോട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-37 |
| 49 | ഹോമിയോ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-38 |
| 50 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-39 |
| 51 | ലൈഫ് 2020- എസ്.സി.ഭവന നിർമ്മാണം - അപാകതകൾ | 1-40 |
| 52 | ഭവനപുനരുദ്ധാരണം – ജനറൽ -അപാകതകൾ | 1-41 |
| 53 | നിക്ഷേപ പ്രവൃത്തികൾ – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-42 |
| 54 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 55 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല | 1-44 |
| 56 | ടോയ്‌ലെറ്റ് മെയിന്റനൻസ് – ചെലവ് പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല | 1-45 |
| 57 | ഓഡിറ്റ് ഇംപാക്ട് - നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി | 1-46 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി നിർണ്ണയത്തിലെ വിവിധ അപാകതകൾ | 2-1 |
| 2 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| ഭാഗം **3** | | |
| 1 | ബയോ ഫ്ളോക് മത്സ്യകൃഷി - അപാകതകൾ | 3-1 |
| 2 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കി | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

| |
|---|
| 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല |
| അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല |
| ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| 1-1-3 ഏ സി ആർ , വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള ചെലവ് യോജിക്കുന്നില്ല. |
| വികസന ഫണ്ട് (റ്റി എസ് പി) ഏ സി ആർ പ്രകാരം ആകെ ചെലവ് 137000/-രൂപ, വാർഷിക കണക്ക് പ്രകാരവും (I-6) ചെലവ് പത്രിക പ്രകാരവും ഈ ഇനത്തിലെ ചെലവ് തുക -121834/-രൂപയാണ്. |
| 1-1-4 പാസ്ബുക്ക് , ബാങ്ക് റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല |
| National Bank Of Own Fund Revenue Account, TP Account എന്നിവയുടെ പാസ് ബുക്ക് ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. |
| 1-1-5 വസ്തു നികുതി ഡിമാന്റ് തുക, സഞ്ചയ പ്രകാരമമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ യോജിക്കുന്നില്ല |
| വസ്തു നികുതി ഡിമാന്റ് തുക, സഞ്ചയ പ്രകാരമമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ യോജിക്കുന്നില്ല. |
| 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല |
| സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്. |
| 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല |
| ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല. |
| 1-1-8 വാടക ഡി സി ബി തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല |
| വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ തുകകൾ 291340/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം, വാടക ഡിമാന്റ് തുക 291340/- രൂപയും കളക്ഷൻ തുക 275961/-രൂപയുമാണ്. |
| 1-1-9 പെർമിറ്റ് രജിസ്റ്ററിൽ ഡി സി ബി വിവരം രേഖപ്പെടുത്തുന്നില്ല |
| പെർമിറ്റ് രജിസ്റ്ററിൽ ഡി സി ബി വിവരം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ, വാർഷിക കണക്കിലെ തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല. |
| 1-1-10 സ്ഥിര നിക്ഷേപം - സർട്ടിഫിക്കറ്റ്, വാർഷിക കണക്ക് എന്നിവ യോജിക്കുന്നില്ല |
| 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക- 7480183/- രൂപയാണ്. 2022-23 വർഷത്തെ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക മേൽ തുക തന്നെയാണ്. ഷെഡ്യൂൾ I 7 പ്രകാരം തൻ വർഷം പലിശ വരവില്ല. F.D രസീത് പരിശോധിച്ചതിൽ, മേൽ തുക 14.09.2021 ലെ ബാലൻസ് തുകയാണ്. 31.03.2023 ലെ ബാലൻസ് തുക 7710737/- രൂപയാണ്. |

### 1-1-11 ഡെപ്പോസിറ്റ് രജിസ്റ്ററിലെ വാടക, ലേലം എന്നീ ഇനങ്ങളിലുള്ള തുകകളും വാർഷിക കണക്കും തമ്മിൽ യോജിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ, വാടക ഡെപ്പോസിറ്റ് എന്ന ഇനത്തിലെ നീക്കിയിരിപ്പ് തുക – 60250/-രൂപയും വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുക – 47650/-രൂപയുമാണ്. കൂടാതെ, രജിസ്റ്ററിൽ തൻ വർഷത്തെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്ന തുക 2000/-രൂപയും വാർഷിക കണക്കിലെ ചെലവ് 0 – ഉം ആണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ, ലേലം ഇനത്തിലെ ചെലവ് 56050/-രൂപയും വാർഷിക കണക്കിൽ ചെലവ് 2500/- രൂപയും ആണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. 30.03.2023 -ലെ തീരുമാനം നം. 1(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 188074690 | 186412000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 132513245 | 138300677 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19451437 |
| വരവ് | 48520947 |
| ആകെ | 67972384 |
| ചെലവ് | 42667159 |
| നീക്കിയിരിപ്പ് | 25305225 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16478000 | 16478000 | 15201295 | 1276705(ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4675000 | 4675000 | 4640339 | 34661 (ലാപ്സ്ഡ്) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 137000 | 137000 | 121834 | 15166 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2327300 | 2327300 | 1197923 | 1129377 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6872000 | 6872000 | 5304922 | 1567078(ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 948393 | 948393 | 107800 | 840593(ലാപ്സ്ഡ്) |

| | | | | | |
|---|---|---|---|---|---|
| ട്രഷറി | | | | | |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ബാങ്ക് | 2212782 | 4163000 | 6375782 | 2904570 | 3471212 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ട്രഷറി | 0 | 245038 | 245038 | 0 | 245038(ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 2329594 | 2989127 [മുൻവർഷം അധികം കൊടുത്ത തുക (10203/-രൂപ) തിരിച്ച് വന്നത് + പലിശ] | 5318721 | 3488971 | 1829750 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 184 | 127557840 | 130 | 51621233 | 7 | 47 | 70.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4144 | 1591534 | 1595678 | 699084 | 896594 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 35544916 | 35544916 | 35544916 | 0 |
| ആകെ | 4144 | 37136450 | 37140594 | 36244000 | 896594 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1994000 | 176 |
| വിധവാ പെൻഷൻ | 7816400 | 759 |
| വാർദ്ധക്യകാല പെൻഷൻ | 23286000 | 2532 |
| വികലാംഗ പെൻഷൻ | 3286600 | 301 |
| അവിവാഹിത പെൻഷൻ | 1043200 | 98 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ | 90000 | 3 |

| | | |
|---|---|---|
| ധനസഹായം | | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023 തീയതിയിൽ 02.50 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,850/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.
കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്കും പ്രകാരമുള്ള വരവുകൾ തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 3900000 | 3418217 | (-)481783 |
| തൊഴിൽ നികുതി(തൻവർഷം) | 1720000 | 1442930 | (-)277070 |
| വാടക വരവ് | 300000 | 291340 | (-)8660 |
| ഫീ & യൂസർ ചാർജ് | 1343000 | 975075 | (-)367925 |
| സെയിൽ & ഹയർ ചാർജസ് | 117000 | 101736 | (-)15264 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | - | - | - |
| പലിശ ലഭിച്ചത് | - | - | - |
| മറ്റു വരവുകൾ | 250000 | 369800 | 119800 |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്. കളക്ഷൻ ക്യാമ്പുകൾ നടത്തി ഗ്രാമപഞ്ചായത്തിൽ 100% നികുതി പിരിവ് നടത്തിയിട്ടുണ്ട്.

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം. 117/2022/lsgd, തീയതി 01.06.2022 സർക്കുലർ പ്രകാരം ഡി.സി.ബി. സ്റ്റേറ്റ്മെന്റ് മൂന്ന് മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കുന്നുണ്ടെങ്കിലും നികുതി, നികുതിയേതര വരവുകളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്താറില്ല.

ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 7 എണ്ണം CRZ മേഖലയിലായതിനാൽ തീർപ്പുകൽപ്പിക്കാതെയുണ്ട്. നമ്പറിംഗിനായി 5 അപേക്ഷകളുമുണ്ട്.

ടർഫ്, കേബിൾ ടി.വി. നെറ്റ്‌വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ, വാഹന ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല.

സ്റ്റുഡിയോകൾ, സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ഇറച്ചിക്കടകൾ, കള്ളുഷാപ്പുകൾ, അക്ഷയ സെന്ററുകൾ, പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർ പാർട്സ്, ബ്യൂട്ടിപാർലർ, സിമന്റ്/കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

1-11 കെട്ടിട നികുതി - നിരക്ക് കുറച്ച് നികുതി നിർണ്ണയിച്ചതുമൂലം നഷ്ടം

1. ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കിനേക്കാൾ കുറവായി നികുതി നിർണ്ണയിച്ചതുമൂലം

സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതിയിൽ കുറവു വന്നതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | വിസ്തൃതി ($M^2$) | ഈടാക്കേണ്ട നിരക്ക് (രൂപ) | ഈടാക്കിയ നിരക്ക് (രൂപ) | കുറവ് |
|---|---|---|---|---|---|---|
| 1 | തങ്കപ്പൻ, ഷൈലാലയം | 2/412 A To I (FF)<br>J (SF) | 257.86<br>128.93<br>386.79 | 70 | 40 | 30x386.79=11603.7 |
| 2 | പറയകാട് സർവ്വീസ് സഹകരണ സംഘം | 2/413B To F<br>G | 79.38<br>345.16<br>424.54 | 70 | 40<br>50 | 30x79.38=2381.4<br>20x345.16=6903.2 |
| 3 | അഞ്ജലി.എ. മംഗലപ്പള്ളിവീട് | 6/380, 382 To 387<br>381 | 102.26<br>12.89<br>115.15 | 70 | 40<br>50 | 30x102.26=3067.8<br>20x12.89=257.80 |
| 4 | സിറാജുദീൻ, വെളിയിൽ | 7/96D (GF)<br>B (FF)<br>C(SF) | 18.32<br>79.17<br>79.17<br>176.66 | 70 | 40 | 30x176.66=5299.8 |
| 5 | ഫൈസൽ, മെഹറിൻ മൻസിൽ | 7/426 A To F | 222.87 | 70 | 40 | 30x222.87=6686.10 |
| 6 | പ്രസിഡന്റ്, NSS കരയോഗം | 10/38 A To M | 294 | 70 | 40 | 30x294=8820/- |
| 7 | ഗീത ജി.പണിക്കർ മാളിയേക്കൽ | 11/583C To H (GF)<br>(FF) | 74.3<br>340.55<br>414.85 | 70 | 70<br>40 | --<br>30x340.55=10216.5 |
| 8 | പ്രസിഡന്റ്, തിരുമലദേവസ്വം | 14/318 B To M | 267.136 | 70 | 40 | 30x267.136=8014.08 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 9 | ജോസഫ് & റോസ്മേരി, പണിക്കവീട്ടിൽ | 15/542 C,D,E,F,G,I (H എന്ന നമ്പർ ഇല്ല) | 102.29 | 70 | 40 | 30x102.29=3068.70 |

ഇപ്രകാരം നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.8.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാവരുടെയും വസ്തുനികുതി നിരക്ക് 70/- രൂപയാക്കി സഞ്ചയ രജിസ്റ്ററിൽ ചേർത്ത് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതായി അറിയിച്ചു. വസ്തുനികുതിയിൽ വന്ന തുക വ്യത്യാസം നികുതി നിർണ്ണയിച്ച വർഷം മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി നിർണ്ണയത്തിലെ വിവിധ അപാകതകൾ

1) ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കിനേക്കാൾ കുറവായി നിരക്ക് നിശ്ചയിച്ചതുമൂലം സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് പ്രകാരം 9 പേരുടെ വസ്തുനികുതിയിൽ കുറവ് വന്നിരിക്കുന്നു.

2) 9/144 എന്ന കെട്ടിടത്തിലെ A എന്ന 30.35 $M^2$ വരുന്ന ഭാഗം വാണിജ്യാവശ്യത്തിനായും (70/-) B എന്ന 199.92 $M^2$ വരുന്ന ഭാഗം ഓഫീസ് ആവശ്യത്തിനായും (50/-) കാണിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒരു കെട്ടിടത്തിന്റെ കൂടുതൽ ഭാഗം ഓഫീസ് ആവശ്യത്തിനായും വളരെകുറച്ചുഭാഗം മാത്രം വാണിജ്യാവശ്യത്തിനായും നിർണ്ണയിച്ചിരിക്കുന്നു.

3) ശ്രീ. റ്റി.എസ്.ബഷീറിന്റെ ഉടമസ്ഥതയിലുള്ള 9/347 എന്ന കെട്ടിടത്തിന്റെ D,E,F,G എന്നീ ഭാഗങ്ങൾ (53.15M2) 40/- രൂപ നിരക്കിലും (100$M^2$ വരെ വിസ്തൃതിയുള്ള വാണിജ്യാവശ്യം), H – 54 $M^2$, I-54$M^2$, J-43$M^2$ എന്നിവ പാർപ്പിടാവശ്യത്തിനുള്ള 6/- രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഒരേ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ 3 പാർപ്പിടങ്ങളായാണ് കാണിച്ചിട്ടുള്ളത്. മേൽ നമ്പരിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നതിനായി ഉപയോഗിക്കുന്നതായാണ് മനസ്സിലാക്കുന്നത്. ആയതിനാൽ ലോഡ്ജിന് ബാധകമായ 40/- രൂപ നിരക്കിൽ 6040/- രൂപ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. (54+54+43=151x40=6040/-).

4) ശ്രീ. തോമസ് റോയിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 11/247 A (താഴത്തെ നില- 149.19) എന്ന ഭാഗം സൂപ്പർ മാർക്കറ്റ് എന്ന ഗണത്തിലാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന് 90/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിന്റെ ഒന്നാം നില വരുന്ന 11/247 B, C എന്ന 132.82 $M^2$ ഭാഗത്തിന് 70/- രൂപയാണ് (100$M^2$ ന മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള) നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും 20.6.22 ലാണ് അസസ്സ് ചെയ്തിട്ടുള്ളത്. ആയതിനാൽ ആകെ 282.01$M^2$ വരുന്ന ഈ ഷോപ്പിംഗ് കോംപ്ലക്സിന് 200$M^2$ ന മുകളിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്കുള്ള 90/- രൂപ നിരക്കാണ് ബാധകം. ആയതിന് 25380.90 അടിസ്ഥാന നികുതി വരുന്നതാണ്.

5) 10/29 എന്ന കെട്ടിടത്തിൽ (280$M^2$) സഫ്രോൺ ഫുഡ്സ് എന്ന വ്യവസായ സ്ഥാപനം സീഫുഡ് സ്റ്റോറേജ് ഉൾപ്പെടെ നടത്തുന്നതിനാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതര വ്യവസായങ്ങൾക്ക് 50/- രൂപ നിരക്കാണ് പഞ്ചായത്തിൽ ബാധകമായിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടത്തിന് 20/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. നികുതി നിർണ്ണയത്തിൽ കുറവ് വന്നതായി കാണുന്നു.

6) ഹോം സ്റ്റേയ്ക്കുള്ള ഡി. & ഒ. ലൈസൻസിനായി ശ്രീ. ജോസഫ് ആന്റണി അപേക്ഷയിൽ കാണിച്ചിട്ടുള്ളത് 5/312 എന്ന കെട്ടിടമാണ്. ടി കെട്ടിടം തിലകൻ, നികർത്തിൽ എന്നയാളുടെ

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമാണ്. നിലവിൽ കൈവശക്കാരൻ ശങ്കരൻകുട്ടി, നികർത്തിൽ എന്നയാളുമാണ്. കെട്ടിടത്തിന്റെ ഉടമസ്ഥത, വാടകക്കാരന്റെ വിവരം എന്നിവ വ്യക്തമല്ല.

7) 8/414 എന്നത് Emay Petrolium (Reliance Petrol Pump) പ്രവർത്തിക്കുന്ന കെട്ടിടമാണ്. ആയതിന്റെ ആകെ വിസ്തൃതി 88 $M^2$ മാത്രമാണ്. ഈ പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി നികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. കൂടാതെ പഞ്ചായത്ത് അംഗീകരിച്ച നികുതി നിരക്കുകൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകൾക്ക് 60/- രൂപ നിരക്കാണ് ബാധകം. എന്നാൽ 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കനോപ്പി ഏരിയയുടെ നികുതി നിർണ്ണയിക്കാത്തതായും നികുതി നിർണ്ണയിച്ച ഭാഗത്തിന് നിരക്കിൽ കുറവ് വന്നിട്ടുള്ളതായും കാണുന്നു.
മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.8.23) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1 ൽ ഉൾപ്പെട്ടിട്ടുള്ള 9 പേരുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് 70/- രൂപയാക്കി സഞ്ചയ രജിസ്റ്ററിൽ ചേർത്ത് ഡിമാന്റ് നോട്ടീസ് നല്കിയതായി അറിയിച്ചിട്ടുണ്ട്. ക്രമ നം. 2 മുതൽ 7 വരെയുള്ള പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാവരുടെയും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനം ഹാജരാക്കിയിട്ടുള്ള പൊല്യൂഷൻ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-1388/R3/2018 പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്.

| ലൈസൻസ് രജിസ്റ്റർ ക്രമ നം. | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 12 | കേയ ഫുഡ് ഇന്റർനാഷണൽ (പ്രൈ.) ലി. | 570 ലക്ഷം(5.70 കോടി) | 10000 | 4000 (രസീത് നം. 1210101692/ 19.2.22) | 6000 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/18.8.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയതായി കാണുന്നില്ല.

| രജിസ്റ്റർ ക്രമ നം. | ഉടമ/സ്ഥാപനം | കെട്ടിട നം. |
|---|---|---|
| 77 | മജീദ് കെ.എൻ,<br>ഐസ് പ്ലാന്റ് | 15/13 |
| 108 | കെ.എ. സലിം,<br>ഫ്രോസൺ ഫിഷ് സ്റ്റോർ | 3/10 |
| 322 | സുമോദ് മോഹൻ<br>ദുർഗ ഐസ് പ്ലാന്റ് | 3/204 |
| 323 | വി.പി.ഹമീദ്<br>ഫാത്തിമ ഐസ് ഇൻഡസ്ട്രീസ് | 2/356 |

| | | |
|---|---|---|
| -- | ഉപാസന, തുറവൂർ<br>അസ്ലം സുലൈമാൻ സേഠ്<br>സമുദ്രോൽപ്പന്നങ്ങൾ പീലിംഗ് & സ്റ്റോക്കിംഗ് | 15/5 |
| -- | പെലിക്കൻ ബയോടെക് & കെമിക്കൽ ലാബ് (പ്രൈ)ലി. | 7/390 |
| -- | ഇൻഫാബ്<br>വാടകക്കരാർ പ്രകാരം വ്യവസായ ആവശ്യത്തിനായാണ് കെട്ടിടം എടുത്തിട്ടുള്ളത്. | 12/163 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(3/18.02.2023) ലഭ്യമാക്കിയ മറുപടിയിൽ മോട്ടോർ റണ്ണിംഗ് ഫീ അടവാക്കുന്നതിന് കത്ത് നല്കിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകതകൾ

1) ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങൾ, കള്ളുഷാപ്പുകൾ, ഓഡിറ്റോറിയങ്ങൾ, ടർഫ്, പാൽ സൊസൈറ്റികൾ, ആധാരമെഴുത്ത് ഓഫീസുകൾ എന്നിവയിൽ പലതും ലൈസൻസ് എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 12 റേഷൻ കടകളും 5 കള്ളുഷാപ്പുകളും ഉള്ളതിൽ ഒരു കള്ളുഷാപ്പ് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

2) ഗ്രാമപഞ്ചായത്തിൽ തുറവൂർ താലൂക്ക് ആശുപത്രിയുടെ സമീപം നിരവധി സ്കാനിംഗ് സെന്ററുകൾ ഉണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ലൈസൻസ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ എന്നിവ എടുത്തിട്ടുള്ളതായി കാണുന്നില്ല (ഉദാ:- ശങ്കേഴ്സ് സ്കാനിംഗ് സെന്റർ, വിവിധ ലാബുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ). ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാത്തതായും കാണുന്നു (ഉദാ:- ഡെന്റൽ ക്ലിനിക്കുകൾ, ലാബുകൾ).

കൂടാതെ ഗ്രാമപഞ്ചായത്തിൽ 2 പെട്രോൾ പമ്പുകൾ ഉണ്ടെങ്കിലും ഒരെണ്ണം മാത്രമാണ് (Emay Petrolium) ലൈസൻസ് എടുത്തിട്ടുള്ളത്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/18.08.23) ഒരു പെട്രോൾ പമ്പ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും 13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്/ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും മറ്റു സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നല്കിയതായും അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ഇല്ലാതെ ഗ്രാമപഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)നം.85/2023/lsgd.,തീ. 31.03.23 പ്രകാരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ 10.04.2023 മുതൽ വർദ്ധിപ്പിച്ചിരുന്നു. കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകരുടെ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ പരിശോധിച്ചതിൽ തുക ഈടാക്കിയതിൽ വ്യത്യാസം കാണുന്നു.

I. അപേക്ഷാ ഫീ കുറവായി ഈടാക്കി

| ഫയൽ നം. | അപേക്ഷകൻ | വിസ്തൃതി (എം.2) | അപേക്ഷാ ഫീ ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| C1-2112/23 | ഷിമോഗ് & രാഖി | 122.66 | 300 | 1000 | 700 |

| | | | | | |
|---|---|---|---|---|---|
| C1-2149 | മണിയപ്പൻ | 108.37 | 300 | 1000 | 700 |

II. പെർമിറ്റ് ഫീ ഈടാക്കിയതിലെ വ്യത്യാസം

| ഫയൽ നം. | അപേക്ഷകൻ | വിസ്തൃതി (എം.2) | പെർമിറ്റ് ഫീ ഈടാക്കിയത് | ഈടാക്കേണ്ടത് | കൂടുതൽ/കുറവ് |
|---|---|---|---|---|---|
| C1-2128/23 | സുബൈർ | 95.57 | 10557 | 4778.5 | (+)5778 |
| C1-2465/23 | രമേശൻ | 89.4 | 283 | 4470 | (-)4187 |
| C1-2208/23 | പൗളീന പി.ആർ. | 80.37 | 8037 | 4018.50 | (+)4018.50 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.24/22.8.23) ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ കുറവായി ഈടാക്കിയവരിൽ നിന്നും 23.08.2023 ൽ തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി. പെർമിറ്റ് ഫീയിൽ കുറവ് തുക ഈടാക്കിയവരിൽ നിന്നും ബാക്കി തുക ഈടാക്കുന്നതാണെന്നും കൂടുതൽ ഈടാക്കിയ തുക ബന്ധപ്പെട്ടവർക്ക് തിരികെ നല്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കുറവ് തുക ഈടാക്കിയും കൂടുതൽ തുക ഈടാക്കിയവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക തിരികെ നല്കിയ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 കെട്ടിടത്തിന്റെ ഉപയോഗക്രമം വ്യക്തമല്ല

ഗ്രാമപഞ്ചായത്തിലെ 5/354-ാം നമ്പർ കെട്ടിടം ഹോംസ്റ്റേയ്ക്കായിട്ടാണ് ലൈസൻസ് എടുത്തിട്ടുള്ളത്. (ATS OLD LAKE HOUSE – ഉടമ – എ.കെ. സന്തോഷ്, MD, ATS Pvt. Ltd.). ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിട്ടുള്ളത് 109.34$M^2$ കാർപ്പറ്റ് ഏരിയ എന്നാണ്. എന്നാൽ സഞ്ചയ പ്രകാരം ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 42$M^2$ മാത്രമാണ്. കൂടാതെ അപേക്ഷയിൽ കാണിച്ചിട്ടുള്ള സർവ്വേ നം.(196/4/9/30), ജി.എസ്.ടി. നം.(32AADCA0357QIZN) എന്നിവ തെറ്റാണ്.

ഈ കെട്ടിടത്തോടനുബന്ധിച്ച് താൽക്കാലിക കൂട്ടിച്ചേർക്കലുകൾ വരുത്തി നിലവിൽ ബാർ ആയി പ്രവർത്തിക്കുന്നതായും ഇത് CRZ ൽ പെടുന്നതാണെന്നും അറിയുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും ആയതിന് ലൈസൻസ് നല്കിയിട്ടുണ്ടോ എന്നും നിലവിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/23.8.23) 23.08.2023 ൽ ലഭ്യമാക്കിയ സി.7-3668/23 -ാം നമ്പർ മറുപടിയിൽ ഹോം സ്റ്റേ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നും ബാർ പ്രവർത്തിക്കുന്ന സ്ഥലം CRZ മേഖലയിൽ ഉൾപ്പെടുന്നതാണെന്നും പഞ്ചായത്തിൽ നിന്നും ലൈസൻസ് നല്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

18.01.2019 ലെ ജി.എസ്.ആർ.37(ഇ) നമ്പരായുള്ള തീരദേശ നിയന്ത്രണമേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ CRZ മേഖലയിൽ പ്രവർത്തിക്കുന്നതും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുക്കാത്തതുമായ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തുന്നതിന് പഞ്ചായത്തിൽ നിന്നും മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പെട്രോൾ പമ്പുകളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 8/414 എന്ന നമ്പരിലുള്ള കെട്ടിടം Emay Petrolium (Reliance Petrol Pump) പ്രവർത്തിക്കുന്ന കെട്ടിടമാണ്. ആയതിന്റെ ആകെ വിസ്തൃതി 88 $M^2$ മാത്രമാണ്. ഈ പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി നികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. കൂടാതെ പഞ്ചായത്ത് അംഗീകരിച്ച നികുതി നിരക്കുകൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകൾക്ക് 60/- രൂപ നിരക്കാണ് ബാധകം. എന്നാൽ 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കനോപ്പി ഏരിയയുടെ നികുതി നിർണ്ണയിക്കാത്തതായും നികുതി നിർണ്ണയിച്ച ഭാഗത്തിന് നിരക്കിൽ കുറവു വന്നിട്ടുള്ളതായും കാണുന്നു.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.8.23 ) മറുപടി ലഭ്യമാക്കിയില്ല.
Emay Petrolium (Reliance Petrol Pump)എന്ന സ്ഥാപനത്തിന്റെ കനോപ്പി ഏരിയയുടെ വസ്തു നികുതി നിർണ്ണയിച്ചും കെട്ടിടത്തിന്റെ നിരക്ക് പുനർനിർണ്ണയിച്ച് ഈടാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ലഭ്യമാകുന്നില്ല

എ) ഗ്രാമപഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി, തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം അടവാക്കുന്നതായി കാണുന്നില്ല.

1. സഫ്രോൺ ഫുഡ്സ് (ലൈസൻസ് രജിസ്റ്റർ ക്രമ നം. 49)

2. പേൾ പാക്ക് കോറുഗേറ്റഡ് ബോക്സ് മാനുഫാക്ചറിംഗ് ( ,, -50)

3. പെലിക്കൺ ബയോടെക് & കെമിക്കൽ ലാബ് (പ്രൈ.)ലി.

4. പറയകാട് റൂറൽ ഹൗസിംഗ് സൊസൈറ്റി(സ്ഥാപന തൊഴിൽ നികുതിയും ലഭ്യമായിട്ടില്ല)

5. ഉപാസന, തുറവൂർ (സമുദ്രോൽപ്പന്നങ്ങൾ പീലിംഗ് & സ്റ്റോക്കിംഗ്)

6. ഇൻഫാബ്

കൂടാതെ, ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകൾ (ഹോമിയോ, ആയുർവേദ ഡോക്ടർമാർ മുതലായവർ), ആധാരമെഴുത്തുകാർ എന്നിവരുടെയും തൊഴിൽ നികതി അടവാക്കിയതായി കാണുന്നില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/18.08.23) ലഭ്യമാക്കിയ മറുപടിയിൽ സഫ്രോൺ ഫുഡ്സ്, പേൾ പാക്ക് കോറുഗേറ്റഡ് ബോക്സ് മാനുഫാക്ചറിംഗ്, പെലിക്കൺ ബയോടെക് & കെമിക്കൽ ലാബ് (സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല) എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നല്കി തൊഴിൽ നികതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഉപാസന, തുറവൂർ എന്നത് പീലിംഗ് ഷെഡാണെന്നും ഇൻഫാബ് എന്ന സ്ഥാപനത്തിന്റെ ഗോഡൗൺ മാത്രമാണ് കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതെന്നും അറിയിച്ചു. പറയകാട് റൂറൽ ഹൗസിംഗ് സൊസൈറ്റിയും ആധാരമെഴുത്തുകാരിൽ 4 പേരും തൊഴിൽനികതി അടവാക്കിയതിന്റെ രേഖകളും ഹാജരാക്കി. ഗ്രാമപഞ്ചായത്തിലെ കരാറുകാർ, മറ്റു പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 (എ-കെ) വകുപ്പുകൾ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ലേലം - വിവിധ അപാകതകൾ

2022-23 വർഷത്തെ ലേലം സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പറയകാട് യു.പി. സ്കൂളിലെ സ്ക്രാപ്പ് ലേലത്തിൽ 16500/- രൂപയ്ക്ക് ആദ്യം ലേലം ഉറപ്പിച്ചെങ്കിലും ടിയാൻ തുക അടവാക്കാതിരുന്നതിനാൽ 16200/-, 15900/- എന്നീ തുകകൾ വിളിച്ച അടുത്ത രണ്ട് ലേലക്കാർക്കും നോട്ടീസ് നല്കിയെങ്കിലും അവരും തുക അടവാക്കാത്തതിനെത്തുടർന്ന് പുനർലേലം നടത്തി 9800/- രൂപയ്ക്കാണ് ലേലം ഉറപ്പിച്ചത്. ആദ്യ ലേലക്കാർക്ക് നല്കിയിരിക്കുന്ന നോട്ടീസുകളിൽ നിരതദ്രവ്യം, ലേലത്തുക, ജി.എസ്.ടി. എന്നിവ അടവാക്കണമെന്ന് കാണിച്ചാണ് നോട്ടീസ് നല്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/22.8.23) ലഭ്യമാക്കിയ മറുപടിയിൽ നിരതദ്രവ്യം മുൻകൂറായി അടവാക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

നിരതദ്രവ്യം ലേലം തുടങ്ങുന്നതിനുമുമ്പ് തന്നെ പഞ്ചായത്തിൽ അടവാക്കേണ്ടതാണെങ്കിലും അപ്രകാരം

നിരതദ്രവ്യം മുൻകൂറായി അടവാക്കാതിരുന്നതിനാലാണ് ലേലക്കാർ ലേലത്തിൽ നിന്നും പിൻവാങ്ങാൻ ഇടയായത്. ലേലം കൊണ്ട വ്യക്തി പ്രാഥമിക കരാർ വയ്ക്കാതിരുന്നതും ലേലത്തുകയുടെ മൂന്നിലൊരു ഭാഗം അപ്പോൾത്തന്നെ അടവാക്കാതിരുന്നതും ലേല നടപടികളിലെ വീഴ്ചയാണ്.

2) പറയകാട് ഗവ. യു.പി. സ്കൂളിൽ അപകടകരമായി നിൽക്കുന്ന തേക്കുമരത്തിന് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ 84575/- രൂപ വില നിർണ്ണയിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ടു തവണ ലേലം നടത്തിയെങ്കിലും വില കൂടുതലാണ് എന്ന കാരണത്താൽ ആരും പങ്കെടുത്തില്ല. തുടർന്ന് ഇതു സംബന്ധിച്ച് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയെങ്കിലും വില നിർണ്ണയം മാത്രമാണ് ആ ഓഫീസിൽ നിന്നും നടത്തുന്നതെന്നും മറ്റു നടപടികൾ ആദ്യം നൽകിയ വിലനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണെന്നും മറുപടി നൽകി. എന്നാൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്കൂൾ കോമ്പൗണ്ടിൽ അപകടകരമായി നിൽക്കുന്ന മരം കുട്ടികൾക്ക് ഭീഷണിയായതിനാൽ വെട്ടി നീക്കുന്നതിന് മറ്റു നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിന് നൽകിയ മേൽ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തേക്കുമരം നിലവിലും മുറിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സ്കൂളിൽ അപകടാവസ്ഥയിലാണ് തേക്കുമരം നിൽക്കുന്നതെങ്കിൽ ആയത് മുറിച്ച് അപകടസാഹചര്യം ഒഴിവാക്കുന്നതിന് മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ചാവടി മാർക്കറ്റിലെ ഒഴിവുള്ള കടമുറികൾക്കായി 4 തവണ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല എന്നു കാണുന്നു. മറ്റെന്തെങ്കിലും നടപടികളിലൂടെ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിനായി നൽകിയ മേൽ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

4) ലേല ഡയറി പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 2/311 E എന്ന കടമുറി 1250/- രൂപയ്ക്ക് ശ്രീ. കിരൺ ശശികുമാർ, കുന്നങ്കൽതറ എന്ന വ്യക്തി 8.4.22 ൽ ലേലം കൊണ്ടിട്ടുണ്ട്. എന്നാൽ തുക അടവാക്കിയ വിവരമോ വാടക രജിസ്റ്ററിൽ കടമുറിയുടെ വിവരമോ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ മേൽ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മുറി ഉപയോഗശൂന്യമാണെന്നും അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ലാത്തതിനാൽ മുറി ഒഴിയുകയാണെന്നും അറിയിച്ച് വാടകക്കാരൻ രണ്ടുമാസത്തിനുശേഷം കടമുറി ഒഴിവായെന്നും ഈ മുറി റിപ്പയർ ചെയ്യുന്നതിന് 20.06.2022 ലെ 1(1) നം. കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.
കടമുറികൾ ലേലത്തിൽ പോകാത്തതിന്റെ കാരണം മനസ്സിലാക്കി ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ആസ്തി സംരക്ഷിക്കുന്നതിനും വരുമാനനഷ്ടം ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

വാടക രജിസ്റ്ററിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളുടെയും വിവരങ്ങൾ ഇൻഡക്സിലും കടമുറികളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പേജുകളിലും രേഖപ്പെടുത്തുന്നില്ല. തന്മൂലം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കടമുറികളുടെ വിവരം എടുത്തെഴുതുമ്പോൾ എല്ലാ കടമുറികളുടെയും വിവരം ചേർക്കാതെ വരികയും തന്മൂലം സെക്ഷനുകളിലെ ഉദ്യോഗസ്ഥർ മാറുമ്പോൾ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ സംബന്ധിച്ച വിവരം ലഭ്യമാകാതെ വരികയും വീണ്ടും ലേലം നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതെയുമാകുന്നു (ഉദാ:- 2/311 E). അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വൻതുക നിലനിർത്തുന്നത് പലിശയിനത്തിൽ നഷ്ടമുണ്ടാക്കുന്നു

കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ കേരള ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ 31.03.2023 ലെ കണക്കു പ്രകാരം 1,07,94,506.33/- രൂപയും 31.07.2023 ലെ കണക്കു പ്രകാരം 83,20,122/- രൂപയും അവശേഷിക്കുന്നുണ്ട്. ഇത്രയും അധികം തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലായതിനാൽ വളരെ കുറവ്

തുകയാണ് പലിശയിനത്തിൽ ലഭിക്കുന്നത്. അവശ്യ തുക മാത്രം നിലനിർത്തി ബാക്കി തുക സ്ഥിരനിക്ഷേപത്തിലേക്ക് മാറ്റിയാൽ പലിശയിനത്തിൽ വലിയ ഒരു തുക പഞ്ചായത്തിന് വരുമാനമുണ്ടാകുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-22 ഡേ ബുക്ക് - പാസ് ബുക്ക് പരിശോധന- പല തുകകളും പാസ് ബുക്കിൽ വരവായി കാണുന്നില്ല

ഡേ ബുക്ക് - പാസ് ബുക്ക് പരിശോധനയിൽ ക്യാഷ്/ചെക്ക് തുകകളിൽ താഴെപ്പറയുന്ന വ്യത്യാസം കാണുന്നു.

| ഡേ ബുക്ക് തീയതി | ഡേ ബുക്ക് തുക | പാസ് ബുക്കിൽ തുക വരവ് | വ്യത്യാസം |
|---|---|---|---|
| 11.08.2022 | 16919 | 17742 | +823 |
| 12.9.22 | 5757 | 5750 | -7 |
| 30.9.22 | 3750(2500+1250) | 1250 | -2500 |
| 16.3.23 | 84803 | 40406 | -44397 |
| 17.3.23 | 621 | -- | -621 |
| 22.3.23 | 13110 | -- | -13110 |
| 31.3.23 | 5333 | -- | -5333 |
| 01.04.23 | 60(Cash) | -- | -60 |

തുക പാസായിട്ടുണ്ടെങ്കിൽ/അടവാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.11/22.8.23) 12.9.22 ൽ കുറവായി അടവാക്കിയ 7/- രൂപയും 01.04.23 ലെ കളക്ഷൻ തുകയായ 60/- രൂപയും 23.08.2023 ൽ ബാങ്കിൽ അടവാക്കി.

30.09.22, 16.3.23, 17.3.23, 22.3.23, 31.3.23 എന്നീ തീയതികളിലെ ചെക്കു തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 65961/- രൂപയുടെ ചെക്കുകൾ 5 മാസമായിട്ടും പണമാക്കാതിരുന്നത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും റിക്കൺസിലിയേഷൻ നടത്തുന്നതിൽ വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

11.8.2022 ൽ കളക്ഷൻ തുകയേക്കാൾ കൂടുതലായി 823/- രൂപ ബാങ്കിൽ അടവാക്കിയത് ക്ലറിക്കൽ പിഴവ് മൂലമാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

പണമിടപാടുകൾ ഉത്തരവാദിത്വത്തോടെ ചെയ്യുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ചെക്കുകൾ പണമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 ഓഡിറ്റ് ഇംപാക്ട് - ബിൽഡിംഗ് പെർമിറ്റ് - അപേക്ഷാ ഫീസിൽ കുറവ് വന്ന തുക ഈടാക്കി

സർക്കാർ ഉത്തരവ് (കൈ)നം.85/2023/lsgd.,തീയതി 31.03.23 പ്രകാരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ 10.04.2023 മുതൽ വർദ്ധിപ്പിച്ചിരുന്നു. കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ പരിശോധിച്ചതിൽ അപേക്ഷകരിൽ (1) ഷിമോഗ് & രാഖി, (2) മണിയപ്പൻ എന്നിവരിൽ നിന്നും 700/- രൂപ വീതം കുറവായി ഈടാക്കിയതായി കണ്ടു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.24/22.8.23) രസീത് നം.1230100721, 1230100722/തീയതി 23.8.23 പ്രകാരം അപേക്ഷകർ ഗ്രാമപഞ്ചായത്തിൽ തുക

അടവാക്കി.

1-24 ചെലവഴിയ്ക്കാതെ തുക അക്കൌണ്ടിൽ നിലനിൽക്കുന്ന

എസ്.എസ്.എ വിഹിതം, രാജീവ് ഗാന്ധി ശാക്തീകരൺ ആഭിയാൻ, ഖരമാലിന്യ സംസ്കരണം എന്നീ ഇനങ്ങളിൽ താഴെപ്പറയും പ്രകാരം തുകകൾ ബാലൻസ് ഷീറ്റിൽ (ബി-4 ഷെഡ്യൂൾ) ചെലവഴിക്കാതെ നിലനില്ക്കുന്നു.

| ഇനം | തുക | ലഭ്യമായ തീയതി |
|---|---|---|
| രാജീവ് ഗാന്ധി ശാക്തീകരൺ ആഭിയാൻ | 15,00,000 | 23.01.2017 |
| ഖര മാലിന്യ സംസ്കരണം | 12,00,000 | 19.10.2017 |
| എസ് എസ് എ | 29,130 | 31.03.2012 |

ചെലവഴിക്കാതെ നിലനിൽക്കുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/23.08.2023), സാംഖ്യയിലെ കണക്കുകൾ പ്രകാരം നാളിതുവരെ ചെലവഴിക്കാതെ നിലനിൽക്കുന്ന തുകകൾ അക്കൌണ്ടുകൾ പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനും തുക ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ അറിയിച്ചത് പ്രകാരം തുക ചെലവഴിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-25 ബയോ ഫ്ളോക് മത്സ്യകൃഷി - അപാകതകൾ

2022-23 സാമ്പത്തിക വർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം ചെയ്ത ബയോ ഫ്ളോക് മത്സ്യകൃഷി എന്ന സ്പിൽ ഓവർ പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് മുഴുവൻ സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

1-26 ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കി

2022-23 സാമ്പത്തിക വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത അനുപൂരക പോഷകാഹാര പദ്ധതി എന്ന പ്രോജക്ട് നടപ്പാക്കിയപ്പോൾ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കിയിട്ടുണ്ട്. വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക.

1-27 വെള്ളക്കരം ഒടുക്കൽ - കൃത്യമായി ഒടുക്കിയ മാസത്തെ വെള്ളക്കരം കുടിശികയായി കണക്കാക്കി ഫൈൻ ചുമത്തി ഡിമാന്റ് നോട്ടീസ് നല്കി വരുന്നു

2022-23 സാമ്പത്തിക വർഷം (03/2023 ഒഴികെ) വാട്ടർ അതോറിറ്റി 230 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 110937/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 12.04.2022-ലെ 62363 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2022 – ൽ കുത്തിയതോട് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 9338/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 04/2022 മുതലുള്ള ബില്ലുകളിലെ കുടിശികയുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | തുക (കുടിശിക + ഫൈൻ) |
|---|---|
| 04/2022 | 9521 (9338+183) |
| 05/2022 | 9708 (9521+187) |

| | |
|---|---|
| 06/2022 | 9898 (9708+190) |
| 07/2022 | 10092(9898+194) |
| 08/2022 | 10290 (10092+198) |
| 09/2022 | 10492(10290+202) |
| 10/2022 | 123854(110937+10492+2425) |
| 11/2022 | 126283(123854+2429) |
| 12/2022 | 128760 (126283+2477) |
| 01/2023 | 131286 (128760+2526) |
| 02/2023 | 133861(131286+2575) |
| 03/2023 | 136487 (133861+2626) |
| 08/2023<br>(നിലവിലെ വിവരം) | 1599012 (31.07.2023 വരെയുള്ള കുടിശിക+<br>31470 (പലിശ)+<br>279048 (തൻ മാസത്തെ വെള്ളക്കരം)<br>= 19,09,530/- |

വെള്ളക്കരം അടവാക്കൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, തുക അടവാക്കലുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം അപാകത കാണുന്നു.

1) ഫയൽ പരിശോധിച്ചതിൽ, 22.11.2022 ലെ കമ്മറ്റി തീരുമാനത്തിൽ (നം.1/16) 1, 16 എന്നീ വാർഡുകളിലെ എല്ലാ ടാപ്പുകളും 7, 13, 5 എന്നീ വാർഡുകളിലെ ചില ടാപ്പുകളും (പേര് പരാമർശിച്ചിട്ടുണ്ട്) വിച്ഛേദിയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ, നാളിതുവരെ വാട്ടർ അതോറിറ്റി ടി പൈപ്പുകൾ വിച്ഛേദിച്ചിട്ടില്ല. ആയതിനാൽ, മേൽ ടാപ്പുകളുടെ വെള്ളക്കരം കൂടി പഞ്ചായത്തിൽ നിന്നും അടവാക്കി വരുന്നു.

2) 09/2022 ലെ വെള്ളക്കരം ഗ്രാമ പഞ്ചായത്ത് അടവാക്കിയിട്ടുണ്ടെങ്കിലും (വൌച്ചർ നം.22200529/19.09.2022 തുക – 1,15,978) 10/2022 മുതൽക്കുള്ള ബില്ലിൽ ടി തുകയും അതിന്റെ പലിശയും കുടിശികയായി ഡിമാന്റ് രേഖപ്പെടുത്തി വരുന്നു. നിലവിലും ടി തുകയും പലിശയും കുടിശിക ഡിമാന്റിൽ ഉൾപ്പെടുന്നു.

3) 03/2023 മുതലുള്ള ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയിട്ട് നാളിതുവരെ തുക ഒടുക്കിയിട്ടില്ല. 03/2023 ലെ ഡിമാന്റ് നോട്ടീസിൽ, കേരള വാട്ടർ അതോറിറ്റിയോട് പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിനും സംയുക്ത പരിശോധനയ്ക്ക് രേഖാമൂലം അറിയിപ്പ് നല്കിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഇനി മുതൽ വെള്ളക്കരം ഒടുക്കേണ്ടതില്ലായെന്നും ടി വിവരങ്ങൾ കാണിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കുവാനും സെക്രട്ടറി കുറിപ്പ് എഴുതിയിട്ടുണ്ട്. 10.03.2023- ൽ 400399/GARC 08/General/2023/1363/(1) നമ്പർ കത്തിൽ ഉപയോഗമില്ലാത്ത വാട്ടർ ടാപ്പ് സംയുക്ത പരിശോധന നടത്തി ഒഴിവാക്കിയതിനുശേഷം മാത്രമേ വെള്ളക്കരം അടയ്ക്കാൻ നിർവാഹമുള്ളുവെന്ന് അറിയിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ആലപ്പുഴ യ്ക്ക് സെക്രട്ടറി കത്ത് നല്കിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഇ - മെയിൽ സന്ദേശത്തിൽ (പി എച്ച് സെക്ഷൻ, തുറവൂരിൽ നിന്നും 12.06.2023 – ൽ ലഭിച്ചത്) ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നത് സംബന്ധിച്ച് കുത്തിയതോട് ഗ്രാമപഞ്ചായത്തിലേയ്ക്ക് ആ ഓഫീസിൽ നിന്നും 28.09.2022 ൽ മെയിൽ അയച്ചതിന് മറുപടി ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

4) കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021-ലെ 50893 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2021-ൽ കുത്തിയതോട് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2643/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2021 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് (നം.50893 തീയതി 13.04.2021) പ്രകാരം ഒടുക്കേണ്ട പ്രതിമാസ ബിൽ തുക 105666/-രൂപയായിരുന്നു. എന്നാൽ തന്മാസം 100625/-രൂപ

മാത്രമാണ് വാട്ടർ ബിൽ ആയി ഒടുക്കിയിട്ടുള്ളത്. ഏപ്രിൽ മാസത്തെ വാട്ടർ ബിൽ പൂർണമായും ഒടുക്കാതിരുന്നതു മൂലം 5041/-രൂപ കൂടി കുടിശ്ശികയായി മാറുകയുണ്ടായി. ഇപ്രകാരമുള്ള കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2% നിരക്കിൽ ഫൈൻ ഡിമാന്റ് ചെയ്യുകയും 2022-23 സാമ്പത്തിക വർഷം 09/2022-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ഫൈൻ ഉൾപ്പെടെ കുടിശ്ശിക 10492/-രൂപയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.
പിന്നീടുള്ള മാസങ്ങളിലെ ഡിമാന്റ് നോട്ടീസിൽ, 09/2022-ലെ കുടിശ്ശികയും (അപാകത നം. 2 കാണുക) ചേർത്ത് തുക രേഖപ്പെടുത്തുന്നതിനാൽ പലിശ വേർതിരിച്ച് രേഖപ്പെടുത്തുന്നില്ല.

ആകയാൽ, 03/2023 മുതലുള്ള വെള്ളക്കരം കുടിശ്ശിക അടവാക്കാത്തതിനും 09/2022 ലെ തുക അടവാക്കിയിട്ടും കുടിശികയായി ഡിമാന്റിൽ രേഖപ്പെടുത്തിയത് സ്ഥാപനത്തെ അറിയിക്കാതിരുന്നതിനും മുൻ വർഷങ്ങളിലെ വാട്ടർചാർജ്ജ് കുടിശിക തുക (09/2019 മുതൽക്കുള്ളത്) അടവാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/23.08.2023) ലഭ്യമാക്കിയ മറുപടിയിൽ 09/2022-ലെ വെള്ളക്കരം കുടിശികയായി പഴയ കുടിശിക തുകയോടൊപ്പം ചേർന്ന് വരുന്ന കാര്യം ഓഡിറ്റ് അന്വേഷണം ലഭ്യമായപ്പോഴാണ് ശ്രദ്ധിക്കപ്പെട്ടതെന്നും ആയത് ഒഴിവാക്കാൻ വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതാണെന്നും അറിയിച്ചു. നിലവിലെ (08/2023) കുടിശിക തുകയിൽ നിന്നും 09/2022 -ലെ അടച്ച തുകയും അതിന് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന പലിശയും കൃത്യമായി കണക്കാക്കി കുറവ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് സ്ഥാപനത്തിന് ഉത്തരവാദിത്വമില്ല. 10/2022 -ലെ ഡിമാന്റ് തുകയിലെ കുടിശിക ശ്രദ്ധിക്കാതിരുന്നത് സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരുടെ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. നിലവിലെ ഡിമാന്റ് തുകയിൽ നിന്നും 09/2022 – ലെ അടച്ച തുകയും അതിന് ഡിമാന്റ് ചെയ്യുന്ന പലിശ തുകയും കുറവ് ചെയ്തതിന് ശേഷമുള്ള തുക അടിയന്തിരമായി അടവാക്കിയതിന് ശേഷം പലിശ തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 വാർദ്ധക്യകാല പെൻഷൻ - മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് പിന്നീടും തുക നല്കിയിരിക്കുന്നു

വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളിൽ മരണം രജിസ്റ്റർ ചെയ്ത താഴെപ്പറയുന്ന ഗുണഭോക്താവിന് പിന്നീടും പെൻഷൻ തുക നല്കിയതായി കാണുന്നു.

| പെൻഷൻ ഐ.ഡി | ഗുണഭോക്താവ് | മരണമടഞ്ഞ തീയതി | അനർഹമായി പെൻഷൻ കൈപ്പറ്റിയ കാലയളവ് | തുകX നിരക്ക് |
|---|---|---|---|---|
| 104350201988 | ശിവരാമൻ വി.ആർ., വെളുത്തേടത്ത് | 19.8.22 | 9/22 - 4/23 (നേരിട്ട് കൈപ്പറ്റി)<br>5/23 – 6/23 (ബാങ്കിന് കൈമാറി) | 10x1600= 16000/- |
| | | | ആകെ | 16000/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/23.8.23) മറുപടി ലഭ്യമാക്കിയില്ല. മരണശേഷം കൈപ്പറ്റിയ തുക അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കിയും വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ തുക ഉള്ളപക്ഷം ഡി.ബി.റ്റി. സെല്ലിലേക്ക് തിരികെ അടവാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ്ടോപ്പ് നൽകി

പ്രോജക്ട് നമ്പർ - S0167/23

പ്രോജക്ടിന്റെ പേര് - എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (എസ്.സി.പി) - 503565/-

EXTREME IT SOLUTIONS, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 15 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty | Rate | SGST | CGST | Amount |
|---|---|---|---|---|---|
| Laptop | 15 | 28450 | 38407.50 | 38407.50 | 503565 |

EXTREME IT SOLUTIONS ന് 503565/- നൽകി (ബിൽ നം.10/22-23/10.01.23).

ലാപ്ടോപ് കൈപ്പറ്റിയ 15 ഗുണഭോക്താക്കളിൽ 6 പേർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. |
|---|---|---|
| 1 | ആഷിക്.എം.എസ്<br>മാണതറ വീട്, പള്ളിത്തോട് | 2 |
| 2 | ആരോമൽ.കെ.കുഞ്ഞുമോൻ<br>മാണതറ, പള്ളിത്തോട് | 2 |
| 3 | അവിഷ്ണ.കെ.എസ്<br>കൊച്ചുപറമ്പിൽ, പറയകാട് | 4 |
| 4 | അനുഷ്മ അനിൽകുമാർ<br>പുറംതട, തുറവൂർ | 2 |
| 5 | ശ്രീരാഗ്<br>കുനംകാട്ട് വീട്,പള്ളിത്തോട് | 2 |
| 6 | ശ്രീമോൾ.എസ്<br>സുനിൽഭവനം, പറയകാട് | 3 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/18.08.23), മേൽ ഗുണഭോക്താക്കൾ ഉൾപ്പെടാത്ത ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കി. ചെലവ് തുക 503565/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 സൌരഗാർഹിക വിളക്ക് -വിതരണ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ - S0212/23

പ്രോജക്ടിന്റെ പേര് – പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൌരഗാർഹിക വിളക്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (ടി.എസ്.പി) - 45370/-

തനത് ഫണ്ട് - 2254/-

ആകെ അടങ്കൽ - 47624/-

ചെലവ് വിവരം

1) ബിൽ നം.21/22-23/22.03.23 തുക 13960/-

2) ബിൽ നം.22/22-23/28.03.23 തുക 16244/-

ANERT ന്റെ 27.07.23 ലെ INV-CA 1809 നമ്പർ ടാക്സ് ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Description | Qty | Rate | Amount |
|---|---|---|---|
| Soura Suvidha Kit(Solar Lantern With FM Radio & Mobile Charging Unit As Per ANERT Specification) | 12 | 3116.07 | 37392.84 |
| CGST (6%) | | | 2243.57 |
| SGST(6%) | | | 2243.57 |
| TOTAL | | | 41880 |

ANERT ന് 30204/- രൂപ നൽകി.

12 ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കി. സൌരഗാർഹിക വിളക്കുകൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/18.08.23) അനർട്ടിൽ നിന്നും സൌരഗാർഹിക വിളക്കുകൾ വാങ്ങിയതിന്റെ ബില്ല് ലഭ്യമാക്കി. വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കാത്തതിനാൽ 30204/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 തൊഴിലുറപ്പ് പദ്ധതി - രണ്ടുവർഷത്തെ പരിപാലനച്ചെലവ് കൂടി തൊഴിൽദിനങ്ങളിൽ ഉൾപ്പെടുത്തി മുൻകൂറായി തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ വാർഡുകളിലെ പ്ലാന്റേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട രണ്ടുവർഷത്തെ പരിപാലനചെലവ് പ്രവൃത്തിദിനങ്ങളിൽ ഉൾപ്പെടുത്തി മുൻകൂറായി തുക അനുവദിച്ചതായി കാണുന്നു. ഇതുമൂലം തൈകൾ നടുന്നതിന് യഥാർത്ഥത്തിൽ കൂലിയിനത്തിൽ അനുവദിക്കേണ്ട തുകയേക്കാൾ അധികം അനുവദിച്ചു. എസ്റ്റിമേറ്റിൽ രണ്ട് വർഷത്തേക്ക് നടത്തേണ്ട പരിപാലനച്ചെലവ് താഴെ പറയുന്ന ഇനങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

1) 80.11 - Labour Engaged For Carrying Water From Nearest Available Location As Per Direction Of Engineer In Charges.

2) 80.8.3 - Maintenance Of Tree Saplings Including Watering, Removing Weeds, Applying Manure Etc Complete.

പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | അളവ് പുസ്തകം | പ്രവൃത്തി നടത്തിയ കാലയളവ് | ആകെ ചെലവ് | പരിപാലന ചെലവ് | | ആകെ പരിപാലന ചെലവ് |
|---|---|---|---|---|---|---|---|---|
| | | | | | | 80.11 | 80.8.3 | |
| 1 | ഹോർട്ടികൾച്ചർ ഹെർബൽ പ്ലാന്റേഷൻ വാർഡ് 11 | 414345 | 109/22-23 | 21.10.2022 മുതൽ 29.03.2023 | 357209 | 686 Nos@ 311 = | 114000 Each@0.6/each = 68400 | 281746 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | വരെ | | 213346 | | |
| 2 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 16 | 301528 | 137/22-23 | 08.11.2022-19.02.2023 | 290364 | 686 Nos@ 311 = 213346 | 45600 Each@ 0.603/each = 27496.80 | 240842.80 |
| 3 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 10 | 301528 | 131/22-23 | 02.12.2022 - 25.01.2023 | 282900 | 686 Nos@ 311 = 213346 | 45600 Each@ 0.603/each = 27496.80 | 240842.80 |
| 4 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 12 | 301528 | 133/22-23 | 26.12.2022 - 04.03.2023 | 270460 | 686 Nos@ 311 = 213346 | 45600 Each@ 0.603/each = 27496.80 | 240842.80 |
| 5 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 2 | 301528 | 123/22-23 | 15.12.2022 - 09.02.2023 | 271704 | 686 Nos@ 311 = 213346 | 45600 Each@ 0.603/each = 27496.80 | 240842.80 |
| 6 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 10 | 357107 | 46/22-23 | 22.07.2022 - 16.12.1022 | 352564 | 686 Nos@ 311 = 213346 | 68400 Each@ 0.6/each = 41040 | 454386 |
| 7 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 9 | 301528 | 130/22-23 | 16.12.1022 - 22.02.2023 | 271393 | 686 Nos@ 311 = 213346 | 45600 Each@ 0.603/each = 27496.80 | 240842.80 |

തൈകൾ നടുന്നതിന് കുറഞ്ഞ തൊഴിൽദിനങ്ങളാണ് ആവശ്യമായതെന്ന് മുകളിൽ സൂചിപ്പിച്ച പട്ടികയിൽനിന്നും ആകെ ചെലവും പരിപാലന ചെലവും പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. രണ്ടുവർഷത്തെ പരിപാലനച്ചെലവ് കൂടി മണ്ണ് ഒരുക്കൽ, കുഴിഎടുക്കൽ, തൈകൾ നടീൽ എന്നിവയുടെ തൊഴിൽക്കൂലിയിൽ ഉൾപ്പെടുത്തി നൽകിയത് മൂലം രണ്ടു വർഷത്തെ പരിപാലനം നടന്നിട്ടില്ല എന്ന് വ്യക്തമാണ്. മാർച്ച് മാസത്തിലെ വേനൽക്കാലത്ത് നടീൽ പൂർത്തിയാക്കിയ തൈകൾ തുടർന്ന് പരിപാലിച്ചില്ല എങ്കിൽ ചെടികളുടെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്. ഇപ്രകാരം പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/22.08.2023) പ്രവൃത്തി പൂർത്തിയാക്കിയാലും തുടർന്നും പരിപാലിച്ചു കൊള്ളാം എന്നുള്ള സമ്മതപത്രം ഉത്തരവാദപ്പെട്ട മേറ്റിൽനിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും ഇനി ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ പരിപാലനത്തിനുള്ള തൊഴിൽദിനങ്ങൾ നീട്ടിനൽകുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. തൈകൾ നടുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായ തൊഴിൽദിനങ്ങൾ എസ്റ്റിമേറ്റിൽ കണക്കാക്കിയതിന് പുറമേ രണ്ടുവർഷത്തെ പരിപാലനച്ചെലവ് കൂടി മുൻകൂറായി നൽകിയതുവഴി കേന്ദ്രഫണ്ടിന്റെ ദുർവിനിയോഗമാണ് നടത്തിയിട്ടുള്ളത്. തുടർന്ന് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-32 തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം -ഗുണഭോക്താക്കൾ വാങ്ങിയ സാധനങ്ങൾക്കനുസൃതമായി ബിൽ തുക പരിമിതപ്പെടുത്തിയില്ല

1) പശുത്തൊഴുത്ത് നിർമ്മാണം - പത്മാവതി, പടിഞ്ഞാറെ വെളിച്ചെണ്ണപ്പാടം, വാർഡ് 8

പത്മാവതി, പടിഞ്ഞാറെ വെളിച്ചെണ്ണപ്പാടം, വാർഡ് 8 എന്ന ഗുണഭോക്താവിന് പശുത്തൊഴുത്ത് നിർമ്മാണത്തിനായി 227796/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അളവുപുസ്തകം നം.262/21-22 പ്രകാരം 216361/- രൂപ പ്രവൃത്തിക്കായി ആകെ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഗുണഭോക്താവ് വാങ്ങിയ സാധനങ്ങളുടെ വിലയേക്കാൾ അധികം തുക സാധനങ്ങളുടെ വിലയിനത്തിൽ ഗുണഭോക്താവിന് അനുവദിച്ചതുമൂലം അധികതുക ചെലവഴിക്കാൻ ഇടയായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയിൽ Solid Block 30x20x15cm 1314 എണ്ണത്തിന് 40/-രൂപ നിരക്ക് പ്രകാരം 52560/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ Royal Cement Products, Peringala എന്ന സ്ഥാപനത്തിന്റെ 09.03.2022 ലെ ബിൽ നം. 845 പ്രകാരം 6" Solid Block 1350 എണ്ണം 20/- രൂപ നിരക്കിൽ വാങ്ങിയതിന് 27000/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 25560/- രൂപയാണ് ഈ ഇനത്തിലെ അധികച്ചെലവ്.

2) പ്രവൃത്തിയിൽ Precoated Aluminium Sheet 43.58$m^2$ ന് 495/$m^2$ നിരക്ക് പ്രകാരം 21572/- രൂപ അനുവദിച്ചു. എന്നാൽ THOLATT CEMENTS, THURAVOOR ന്റെ 04.04.2022 ലെ ഇൻവോയ്സ് നം. CRT/114/22-23 പ്രകാരം 0.35 Mm കനമുള്ള പോളി കാർബണേറ്റ് ഷീറ്റ് 584.820 Sqft വാങ്ങിയതിന് 27.80/sqft നിരക്കിൽ 16258/- രൂപയാണ് ചെലവായിട്ടുള്ളത്. 5314/-രൂപ ഈ ഇനത്തിൽ അധികച്ചെലവുണ്ടായി.

2) പശുത്തൊഴുത്ത് നിർമ്മാണം - വത്സല, വാരണംചിറ, വാർഡ് 10

വത്സല, വാരണംചിറ, വാർഡ് 10 എന്ന ഗുണഭോക്താവിന് പശുത്തൊഴുത്ത് നിർമ്മാണത്തിനായി 160671/-രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അളവുപുസ്തകം നം.04/2021-22 പ്രകാരം 108939/-രൂപ പ്രവൃത്തിക്കായി ആകെ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഗുണഭോക്താവ് വാങ്ങിയ സാധനങ്ങളുടെ വിലയേക്കാൾ അധികം തുക സാധനങ്ങളുടെ വിലയിനത്തിൽ ഗുണഭോക്താവിന് അനുവദിച്ചതുമൂലം അധികതുക ചെലവഴിക്കാൻ ഇടയായിട്ടുണ്ട്.

1) പ്രവൃത്തിയിൽ Solid Block 30x20x15cm 820 എണ്ണത്തിന് 34/- രൂപ നിരക്ക് പ്രകാരം 27880/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ, പീതാമ്പരം ബിൽഡിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിന്റെ 27.03.2021 ലെ ബിൽ നം. 90 പ്രകാരം ഫില്ലിംഗ് കട്ട വലുത് 300 എണ്ണം 33/- രൂപ നിരക്കിൽ വാങ്ങിയതിന് 9900/- രൂപയും ഫില്ലിംഗ് കട്ട ചെറുത് 100 എണ്ണം 23/- രൂപ നിരക്കിൽ 2300/-രൂപയും ഉൾപ്പെടെ ആകെ 12200/-രൂപയാണ് ആകെ ചെലവ്. 15680/- രൂപ അധികം ചെലവഴിച്ചു.

2) പ്രവൃത്തിയിൽ Precoated Aluminium Sheet 26.335$m^2$ ന് 495/$m^2$ നിരക്ക് പ്രകാരം 13035.82 രൂപ അനുവദിച്ചു. എന്നാൽ അരുൺ ട്രേഡേഴ്സ്, നാലുകുളങ്ങര എന്ന സ്ഥാപനത്തിന്റെ 15.04.2021-ലെ ഇൻവോയ്സ് നം. 575 പ്രകാരം 96 Ft അലുമിനിയം ഷീറ്റ് 71.01/ft നിരക്കിൽ വാങ്ങിയതിന് ജി എസ് റ്റി ഉൾപ്പെടെ 8044/- രൂപയാണ് ചെലവ് ചെയ്തിരിക്കുന്നത്. അധികം നൽകിയത് 4991/- രൂപ.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/22.08.2023) സൈറ്റിൽ പോയി ബോധ്യപ്പെട്ട മെഷർമെന്റ് പ്രകാരമാണ് വാല്യുവേഷൻ എഴുതി വർക്ക് ബിൽ പൂർത്തീകരിച്ചതെന്നും ടി രണ്ടു ഗുണഭോക്താക്കളും മുൻഗണന വിഭാഗത്തിലുൾപ്പെട്ടതും പശുപരിപാലനം കൊണ്ട് മാത്രം ഉപജീവനം മുന്നോട്ട് കൊണ്ടുപോകുന്നവരുമാണെന്നും പ്രവൃത്തികൾ നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആകെ തുകയേക്കാൾ അധികരിക്കാത്തതിനാൽ നിർദ്ധന കുടുംബാംഗങ്ങൾ ആണെന്ന പരിഗണന മുൻനിർത്തിയാണ് ബിൽ എഴുതി പൂർത്തീകരിച്ചത് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയാണ് സാധനങ്ങളുടെ വിലയായി നൽകേണ്ടിയിരുന്നത്. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധിച്ച് യാഥാർത്ഥത്തിൽ വാങ്ങിയ സാധനങ്ങൾക്കായി ഗുണഭോക്താവ് ചെലവഴിച്ച തുകയിൽ പരിമിതപ്പെടുത്തി മാത്രം തുക

നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 തൊഴിലുറപ്പ് പദ്ധതി -സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന് ക്വട്ടേഷൻ ക്ഷണിച്ചില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്കായി സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചതിന് 3000/-രൂപ വീതം മേറ്റുമാരുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ഷീബ കൺസ്ട്രക്ഷൻ, ഉറവൂർ എന്ന സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയാണ് മേറ്റുമാർ തുക കൈപ്പറ്റിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ബില്ലിൽ ബോർഡിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ഒന്നും ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബോർഡിന് നൽകിയ തുക | കൈപ്പറ്റിയ മേറ്റ് | എഫ് റ്റി ഒ നം. |
|---|---|---|---|---|
| 1 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 10 | 3000 | ചിത്രലേഖ ഡി | 1003202316574/10.03.2023 |
| 2 | ബ്ലോക്ക് പ്ലാന്റേഷൻ വാർഡ് 2 | 3000 | സരള പൊന്നപ്പൻ | 2503202316989/25.03.2023 |
| 3 | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈനടീൽ വാർഡ് 11 | 3000 | സിന്ധു | 1001202316148/10.01.2023 |
| 4 | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈനടീൽ വാർഡ് 12 | 3000 | അജിതകുമാരി | 1001202316152/10.01.2023 |

പഞ്ചായത്ത് കമ്മറ്റിയുടെ 07.03.2023-ലെ 15(1) തീരുമാനപ്രകാരം സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ലഭിച്ചിട്ടുള്ള അനൂപ്, നെല്ലുപള്ളിൽ, വൈക്കം എന്നയാളുടെ 1490/- രൂപയുടേയും (3x4 FEET) 1080/- രൂപയുടേയും (2x3 Feet) കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിൽ മുകളിൽ സൂചിപ്പിച്ചതിലും കുറഞ്ഞ തുകയ്ക്ക് ബോർഡ് സ്ഥാപിക്കാമായിരുന്നു എന്ന് വ്യക്തമാണ്. 2022-23 വർഷം സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനായി ചെലവഴിച്ച തുകയുടെ വിവരങ്ങളും ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതിന് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22.08.2023) തൻവർഷം 111000/- രൂപ ചെലവായിട്ടുണ്ടെന്നും കുടുംബശ്രീയെ ബോർഡ് നിർമ്മാണത്തിന് ക്ഷണിച്ചിരുന്നെങ്കിലും ആരും സന്നദ്ധരായി വരാതിരുന്നതിനാൽ പ്രവൃത്തി നടത്തിപ്പിനായി മേറ്റുമാർ തന്നെ മുൻകൈയെടുത്ത് ബോർഡുകൾ സ്ഥാപിക്കുകയായിരുന്നെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-34 തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - മുള വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം നടപ്പാക്കിയിട്ടുള്ള തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ പ്രവൃത്തികളിൽ മുള വാങ്ങിയതിന്റെ ബിൽ ഫയലിൽ ചേർത്തിട്ടില്ല. തുക മേറ്റുമാർക്കാണ് നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | മേറ്റിന്റെ പേര് | കുറിപ്പ് |
|---|---|---|---|---|
| 1 | പൊന്നംപുരയ്ക്കൽ തോട് ആഴംകൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് വശങ്ങൾ ബലപ്പെടുത്തൽ വാർഡ് 3 | 1000 | സീന | മുള 10 എണ്ണം 1500/- രൂപ കൊടുത്ത് സുരേഷ്, ഇടപ്പറമ്പിൽ നിന്ന് വാങ്ങിയതായും തുക അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. (1000/- രൂപ അനുവദിച്ചു) |
| 2 | ചാത്തംവേലി തോട് ആഴംകൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് വശങ്ങൾ ബലപ്പെടുത്തൽ വാർഡ് 9 | 1000 | ഹസീന | ചാത്തംവേലിത്തോട് കയർഭൂവസ്ത്രം ചെയ്യ തിന് മുള വാങ്ങിച്ചതിന് 1000/- രൂപ ചെലവായിട്ടുണ്ട് എന്നാണ് അപേക്ഷ യിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആരിൽ നിന്നും വാങ്ങി എന്നത് സംബന്ധിച്ച രേഖപ്പെടുത്തിയിട്ടില്ല. |
| 3 | പാണ്ട്യാലയ്ക്കൽ തോട് ആഴംകൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് വശങ്ങൾ ബലപ്പെടുത്തൽ വാർഡ് 4 | 1000 | ശുഭന | പുഷ്പയുടെ പക്കൽനിന്നും പത്ത് മുള വാങ്ങിയതിന് 1000/-രൂപ ചെലവായ തായും തുക അനുവദിക്കുവാനും കത്ത് നൽകിയിട്ടുണ്ട്. |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/ 22.08.2023) മുളയുടെ ബിൽ ലഭ്യമല്ലാത്തതിനാലാണ് മേറ്റുമാർ മുള വാങ്ങുന്നയാളുടെ പക്കൽ നിന്നും തുക നൽകി വൌച്ചർ വാങ്ങുന്നത് എന്നും തുടർന്ന് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ബിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള മേറ്റുമാരുടെ അപേക്ഷയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മുളയുടെ ബിൽ/മുള നൽകിയ ആൾ തുക കൈപ്പറ്റിയതിന്റെ രേഖ വാങ്ങി മാത്രം തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2018 പ്രളയ ദുരിതാശ്വാസ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുകയിൽ 04.07.2019 മുതൽ ബാക്കി നില്ക്കുന്ന 18,138/- രൂപ നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല. 2022-23 വർഷത്തെ വാർഷിക കണക്കിലും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4) ടി തുക ബാധ്യതയായി നിലനിർത്തിയിരിക്കുകയാണ്. ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയ തുക നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/23.08.2023) മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്ക് അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-36 സർക്കാർ ഉത്തരവിനു വിരുദ്ധമായി മെയിന്റനൻസ് ഫണ്ടിനു (റോഡിതരം) പകരം വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ 150/23 – ഉറവൂർ സി.എച്ച്.സി.യിലെ ഡയാലിസിസ് യൂണിറ്റിന് സഹായം

അടങ്കൽ - 120000/- (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 120000/- (ട്രഷറി ബിൽ നം. 8/11.11.22)

സർക്കാർ ഉത്തരവ് (സാധാ) നം. 3346/2017/ത.സ്വ.ഭ.വ.02.10.2017 പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകളിൽ നിന്നും മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും പ്രതിമാസം 10000/- രൂപ വീതം തുറവൂർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് ധനസഹായം നല്കുന്നതിന് ഉത്തരവായിരുന്നു. എന്നാൽ കുത്തിയതോട് ഗ്രാമപഞ്ചായത്ത് ആയതിനായി രൂപീകരിച്ച പദ്ധതി പ്രകാരം 2022-23 വർഷം 120000/- രൂപ ധനസഹായം നല്കിയിട്ടുള്ളത് വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നുമാണ്. ഇപ്രകാരം ഫണ്ടിനത്തിൽ മാറ്റം വരുത്തിയതിന് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/19.08.23) മെയിന്റനൻസ് ഫണ്ടിനത്തിൽ (റോഡിതരം) തുക വളരെ കുറച്ചുമാത്രമാണ് ലഭ്യമാകുന്നതെന്നും ടി തുക കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, നിർബന്ധമായും മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ പ്രോജക്ട് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾക്കും മാത്രമായി വകയിരുത്തുന്നതിന് മാത്രമേ ലഭ്യമായിരുന്നുള്ളൂ എന്നും ഈ സാഹചര്യത്തിലാണ് ഡയാലിസിസ് യൂണിറ്റിന് ധനസഹായം നല്കുന്നതിനായി വികസന ഫണ്ട് (ജനറൽ) വകയിരുത്തിയതെന്നും മറുപടി ലഭ്യമാക്കി.

സർക്കാർ നിർദ്ദേശത്തിനനുസൃതമായി മാത്രം ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.), പള്ളിത്തോട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

I) പ്രോജക്ട് നം.210/23 – ആരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

അടങ്കൽ - 190000/- (ഹെൽത്ത് ഗ്രാന്റ് )

ചെലവ് - 189562/- (വിവിധ ബില്ലുകൾ)

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി Walker – 5, Diaper -100 (Adult) തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിനായി പാലിയേറ്റീവ് നഴ്സ് മെഡിക്കൽ ഓഫീസർക്ക് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ District Drug Warehouse ൽ നിന്നും 12.01.2023 ൽ

Air Bed- 10,

Walker - Adjustable Folding Type – 20,

Walking Cane – Adjustable -20 എന്നിവയ്ക്കാണ് Non Availability Certificate ലഭ്യമായിട്ടുള്ളത്.

ഫയലിൽ ലഭ്യമാക്കിയിട്ടുള്ള കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2023 ജനുവരിയിലെ റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റിൽ Supplyco ഉൾപ്പെട്ടിട്ടില്ലെങ്കിലും Supplyco Medical Store, Aluva യിൽ നിന്നും 39666/- രൂപയ്ക്ക് Walker – Folding-5, Diaper Adult (M)-1000 എണ്ണം എന്നിവയാണ് വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം. 0703301/22954/തീ.19.01.23).

II) പ്രോജക്ട് നം.74/23 – സാന്ത്വനപരിചരണം (സ്പിൽ ഓവർ)

അടങ്കൽ - 155917/- (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 141941/- (ട്രഷറി ബിൽ നം. 1/6.5.22)

ഈ പദ്ധതിയിലും Supplyco Medical Store, Aluva യിൽ നിന്നും വിവിധ ഉപകരണങ്ങൾ 11516.50 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ വിവിധ മരുന്നുകളും വാങ്ങിയിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2023 മാർച്ചിലെ റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റിൽ Supplyco ഉൾപ്പെട്ടിട്ടില്ല.

തദ്ദേശ സ്വയംഭരണ (ഡി.എ)വകുപ്പിന്റെ ഡി.എ.1/93/2022/തസ്വഭവ., തീയതി 26.3.22 ലെ ഉത്തരവ് പ്രകാരം KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാകാൻ താമസമുള്ളപക്ഷം പാലിയേറ്റീവ് ആവശ്യങ്ങൾക്ക് ഉൾപ്പെടെ അത്യാവശ്യമരുന്നുകൾ മാത്രമാണ് Supplycoയിൽ നിന്നും വാങ്ങാവുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/19.8.23) ലഭ്യമാക്കിയ മറുപടിയിൽ പാലിയേറ്റീവ് നേഴ്സിന്റെ നിർദ്ദേശപ്രകാരമാണ് ഡയപ്പറുകൾ കൂടുതൽ വാങ്ങിയതെന്നും ഗവ. അധീന സ്ഥാപനമായതിനാലാണ് സാധനങ്ങൾ Supplyco - യിൽ നിന്നും വാങ്ങിയതെന്നും വാങ്ങലുകളിൽ ഇപ്രകാരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി.

ആവശ്യകത അനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതിനും വാങ്ങലുകളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ഹോമിയോ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം. 13/23

അടങ്കൽ - 200000/-(മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് - 200000/- (ട്രഷറി ബിൽ നം.1/25.11.22)

മേൽ പ്രോജക്ട് പ്രകാരം 200000/- രൂപ ഹോംകോയ്ക്ക് നൽകിയതിൽ നാളിതുവരെ ഇൻവോയ്സ് നം. LF-690/26.7.23 പ്രകാരം 83248/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/18.8.23) ബാക്കി 116752/- രൂപയുടെ മരുന്നുകൾ 2023 ആഗസ്റ്റ് മാസത്തിൽ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ട് എന്ന് മെഡിക്കൽ ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 40/23

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

അടങ്കൽ- 500000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 500000/- (ട്രഷറി ബിൽ നം. 1/16.2.23)

താഴെപ്പറയുന്ന ഔഷധിയുടെ വിവിധ ഇൻവോയ്സുകൾ പ്രകാരം 496201/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം. | തുക |
|---|---|
| 90291051/22.2.23 | 198848 |
| 90293253/28.2.23 | 88661 |
| 90295688/25.3.23 | 175576 |
| 90297380/30.3.23 | 31457 |
| 90298520/31.3.23 | 1659 |
| ആകെ | 496201 |

ബാക്കി 3799/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഔഷധിക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുള്ളതായും

കാണുന്നില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/19.08.23) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിയെ അറിയിച്ചിട്ടുണ്ടെന്നും ഉടൻതന്നെ ലഭ്യമാകുമെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-40 ലൈഫ് 2020- എസ്.സി.ഭവന നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നം. – S 0214/23
പ്രോജക്റ്റിന്റെ പേര് – ലൈഫ് 2020- എസ്.സി.ഭവന നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1337124 | 144495 |
| വികസനഫണ്ട്(എസ്.സി.പി) | 91600 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 4500000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 1800000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1800000 | 280000 |
| മറ്റുള്ളവ | 8471276 | 240000 |
| ആകെ | 18000000 | 664495 |

ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | രതീഷ്.പി<br>കുന്നേൽ ഹരിജൻ കോളനി<br>കുത്തിയതോട്<br>വാർഡ് – 8 | 40000 | 24/22-23/<br>01.03.23 |
| 2 | അജിത വിജയൻ, പുത്തേഴത്ത്<br>ചാവടി, വാർഡ് – 2 | 40000 | 333/22-23/<br>28.03.23 |
| 3 | തിലകൻ.പി.ടി., പള്ളിനട<br>വാർഡ് – 2 | 40000 | 343/23.02.23 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/22.08.2023), മേൽ ഗുണഭോക്താക്കൾ താമസിയാതെ പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-41 ഭവനപുനരുദ്ധാരണം – ജനറൽ -അപാകതകൾ

പ്രോജക്റ്റ് നം. – S 0001/23

പ്രോജക്ടിന്റെ പേര് – ഭവന പുനരുദ്ധാരണം-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1600000 | 1600000 |
| ധനകാര്യകമ്മീഷൻ അവാർഡ് | 800000 | 550000 |
| ആകെ | 2400000 | 2150000 |

ഭവനപുനരുദ്ധാരണം – ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | രമണി ഭാസ്കരൻ, കുറുന്തോടത്ത് ഉറവൂർ, വാർഡ് – 10 | 25000 | 303/22-23/ 20.03.23 |
| 2 | സെബാസ്റ്റ്യൻ, കളത്തിൽ പള്ളിത്തോട്, വാർഡ് – 16 | 25000 | 5/22-23/25.11.22 |
| 3 | ചിന്നമ്മ ജോസഫ് അരശ്ശേരി, പള്ളിത്തോട് വാർഡ് – 1 | 25000 | 10/22-23/ 22.12.22 |
| 4 | സുഭാഷിണി പൊന്നപ്പൻ താനാട്ട്, ഉറവൂർ, വാർഡ് – 9 | 25000 | 11/22-23/11.01.23 |
| 5 | രാധ കൃഷ്ണൻകുട്ടി,പുല്ലാട്ട് ഉറവൂർ, വാർഡ് – 12 | 25000 | 8/22-23/ 13.12.222 |
| 6 | സരസമ്മ രവി, വലിയപറമ്പിൽ ഉറവൂർ, വാർഡ് – 10 | 25000 | 13/22-23/12.01.23 |

പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 30/23.08.2023), വിവിധ പ്രശ്നങ്ങൾ മൂലം ഗുണഭോക്താക്കൾക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 നിക്ഷേപ പ്രവൃത്തികൾ – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം സെക്രട്ടറി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

1) പ്രോജക്ട് നം. - S 0180/23

പ്രോജക്ടിന്റെ പേര് - ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്

വകയിരുത്തൽ

തനത്ഫണ്ട് - 200000

മേൽ പ്രോജക്ട് പ്രകാരം 42791/- രൂപ കെ.എസ്.ഇ.ബി. കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷൻ

അസിസ്റ്റന്റ് എഞ്ചിനീയറുടെ 57047841540 നമ്പർ അക്കൌണ്ടിൽ നൽകി. പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എസ്റ്റിമേറ്റ് തുക | അടവാക്കിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | Alignment Of Existing Service Wire/post At Ward-4 –Mangalapuram-Kannattukavala Area | 4898 | 4898 | 055057/ 05.11.22 |
| 2 | Re-alignment Of Existing Service Wire/ Post At Ward-2 – Chavady Market Area | 7125 | 7125 | 055048/ 21.10.22 |
| 3 | Shifting Electric Pole At Ward-3-Changaram Ponnum Purakkal Area | 11438 | 11438 | 055106/ 16.01.23 |
| 4 | Shifting Electric Pole At Ward-3-Changaram Kizhakkenaduvilthara Area | 12696 | 12696 | 055123/ 15.02.23 |
| 5 | Shifting LT Psc Pole For Road Widening Work At Ward 13-Velamchira Bhanuvilasam Road | 6634 | 6634 | 055046/ 15.10.22 |
| ആകെ | | | 42791 | |

2) പ്രോജക്ട് നം. - S 0114/23

പ്രോജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈൻ വലിക്കൽ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|
| വികസന ഫണ്ട് | 523240 | 523240 | 16/22-23/17.02.23 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 700000 | 700000 | 212/22-23/09.02.23 |
| ആകെ അടങ്കൽ | 1223240 | 1223240 | |

മേൽ പ്രോജക്ട് പ്രകാരം കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള 1223240/- രൂപ കെ.എസ്.ഇ.ബി. കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 57047841540 നമ്പർ അക്കൌണ്ടിൽ നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല.

3) പ്രോജക്ട് നം. - S 0171/23

പ്രോജക്ടിന്റെ പേര് - എൻ.സി.സി.ജംഗ്ഷനിൽ പഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ മാറ്റൽ

<u>വകയിരുത്തൽ</u>

തനത് ഫണ്ട് - 160000

എൻ.സി.സി.ജംഗ്ഷനിൽ പഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, ആലപ്പുഴ എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 158000/- രൂപ കെ.ഡബ്ല്യൂ.എ. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10449288175 നമ്പർ അക്കൌണ്ടിൽ നൽകി (ചെക്ക് നം.5892438/08.11.22). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയില്ല.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/22.08.2023), പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. 1424031/- രൂപയുടെ ചെലവ് (42791(ക്രമ നം.1) +1223240(ക്രമ നം.2) +158000(ക്രമ നം.3)) തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0107/23

പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 67608

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512 നമ്പർ അക്കൗണ്ടിലേക്ക് 67608/- രൂപ നൽകി.(ബിൽ നം.13/22-23/31.12.22തുക.67608). ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22.08.23), വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം. ൽ തയ്യാറാക്കി വരുന്നു എന്നാണ് അറിയിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കി. 67608 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ (പ്രോജക്ട് നം. S0049/23) എന്ന പ്രോജക്ടിനായി തനതുഫണ്ടിൽനിന്നും 50000/- രൂപ വകയിരുത്തിയിരുന്നു. ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി രാഹുൽ പി, ചീനക്കുടിയിൽ, തുറവൂർ എന്നയാളെ 19.05.2022 മുതൽ ചുമതലപ്പെടുത്തുകയും 19200/- രൂപ (Order No. 57/30.07.2022) പാർട്ട് പേമെന്റായി നൽകുകയും ചെയ്തിട്ടുണ്ട്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലേക്ക് 19240/- (26 ദിവസം X 740 രൂപ) അനുവദിച്ചിട്ടുണ്ട്. റോഡ് സർവ്വേ പൂർത്തീകരിച്ചതായി 25.07.2022-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്റർ റോൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/22.08.2023) എല്ലാ റോഡുകളും സർവ്വേ ചെയ്തിട്ടുണ്ടെന്നും അടുത്തത് വേരിഫിക്കേഷൻ സ്റ്റേജാണെന്നും ഉടൻതന്നെ വേരിഫിക്കേഷൻ തുടങ്ങുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ട് എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 ടോയ്‌ലെറ്റ് മെയിന്റനൻസ് – ചെലവ് പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

പ്രോജക്ട് നം. – S 0045/23 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് – Utilization Of Performance Based Incentive Grant (Construction Works)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ., നാലുകുളങ്ങര സർക്കിൾ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 230914 | 35000 |
| തനത് ഫണ്ട് | 4086 | 0 |
| ആകെ | 235000 | 35000 |

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള 35000/- രൂപ ടോയ്‌ലെറ്റ് മെയിന്റനൻസ് പ്രവൃത്തിയ്ക്കായി താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് നൽകി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | വിജയമ്മ സേവ്യർ | 5000 | 41/22-23/ 08.07.22 |
| 2 | സുശീല | 5000 | |
| 3 | ഫിലോമിന | 5000 | |
| 4 | നിക്സൺ | 5000 | |
| 5 | സലിം | 5000 | |
| 6 | മേരി ആന്റണി | 5000 | 217/22-23/ 13.02.23 |
| 7 | വിജയലക്ഷ്മി.ജി | 5000 | 241/22-23/ 23.02.23 |

മേൽ പ്രോജക്ടിൽ നിന്നും 60000/- രൂപ താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകി. എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | ബീന ജോൺ | 5000 | 412/22-23/ 31.03.23 |
| 2 | രാധിക.ആർ | 5000 | |
| 3 | യൂസഫ് | 5000 | 411/22-23/ 31.03.23 |
| 4 | ബിന്ദു | 5000 | 410/22-23/ 31.03.23 |
| 5 | മണിയമ്മ | 5000 | |
| 6 | ശ്രീധരൻ.ടി | 5000 | |
| 7 | ഭാസുര | 5000 | |
| 8 | ബിജു | 5000 | |
| 9 | റിജോ.സി.ജെ | 5000 | |
| 10 | ഗ്രേഷ്യസ് ബോബൻ | 5000 | |
| 11 | ത്രേസ്യ | 5000 | |
| 12 | അശോകൻ.എൻ.ജി | 5000 | |

60000/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31/23.08.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-46 ഓഡിറ്റ് ഇംപാക്റ്റ് - നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മൂലപ്പാംതുരുത്ത് എസ് സി ബി 2869 റോഡ് മെയിന്റനൻസ് വാർഡ് 13 എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1 പ്രകാരം ഈടാക്കേണ്ട ഫൈനിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രവൃത്തിയിൽ കരാറുകാരനായ പി ജി അനിൽകുമാർ, പുത്തൻവെളി, പാണാവള്ളി എന്ന വ്യക്തിയിൽനിന്നും 3270/- രൂപ മാത്രമാണ് ഫൈൻ ഈടാക്കിയിരുന്നത്.

ഫൈൻ കുറവ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 21/22.08.2023) നൽകിയതിനെത്തുടർന്ന് കരാറുകാരനിൽ നിന്നും 5597/- രൂപ (രസീത് നം. 1230100723/23.08.2023) ഫൈൻ ഈടാക്കി.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തു നികുതി നിർണ്ണയത്തിലെ വിവിധ അപാകതകൾ

ശ്രീ. തോമസ് റോയിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 11/247 A (താഴത്തെ നില- 149.19) എന്ന ഭാഗം സൂപ്പർ മാർക്കറ്റ് എന്ന ഗണത്തിലാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന് 90/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിന്റെ ഒന്നാം നില വരുന്ന 11/247 B,C എന്ന 132.82 $M^2$ ഭാഗത്തിന് 70/- രൂപയാണ് ($100M^2$ ന മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള) നികതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും 20.6.22 ലാണ് അസസ്സ് ചെയ്തിട്ടുള്ളത്. ആയതിനാൽ ആകെ 282.01 $M^2$ വരുന്ന ഈ ഷോപ്പിംഗ് കോംപ്ലക്സിന് 200 $M^2$ ന മുകളിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്കുള്ള 90/- രൂപ നിരക്കാണ് ബാധകം.

| ക്രമ നം. | കെട്ടിട നം./ വിസ്തൃതി(M2) | ഈടാക്കേണ്ട നിരക്ക് | ഈടാക്കി യത് | കുറവ് നികുതി | വരുത്തേണ്ട വർദ്ധനവുകൾ/കുറവുകൾ (വഴി സൗകര്യം +20% ലൈബ്രറി സെസ്-5%+ സർവ്വീസ് ചാർജ് -10%) | ആകെ കുറവ് |
|---|---|---|---|---|---|---|
| 1 | 11/247B – 66.41 | 90 | 70 | 20x66.41 =1328.20 | 20% =266<br>ഇളവ് -ഒന്നാം നില -5%=66<br>ആകെ = 1528<br>LC-5%= 76<br>SC- 10%=152 | 1756/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | 11/247c – 66.41 | 90 | 70 | 20x66.41 =1328.20 | 20% =266<br>ഇളവ് -ഒന്നാം നില -5%=66<br>ആകെ = 1528<br>LC-5%= 76<br>SC- 10%=152 | 1756/- |
| | | | | | ആകെ | 3512/- |

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.8.23- ക്രമ നം.4) മറുപടി ലഭ്യമാക്കിയില്ല. കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനം ഹാജരാക്കിയിട്ടുള്ള പൊലൂഷൻ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-1388/R3/2018 പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്.

| ലൈസൻസ് രജിസ്റ്റർ ക്രമ നം. | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 12 | കേയ ഫുഡ് ഇന്റർ നാഷണൽ (പ്രൈവറ്റ്)ലിമിറ്റഡ് | 570 ലക്ഷം(5.70 കോടി) | 10000 | 4000 (രസീത് നം. 1210101692/ 19.2.22) | 6000 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/18.8.23) കുറവ് തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോ ഫ്ളോക് മത്സ്യകൃഷി - അപാകതകൾ

പ്രോജക്ട് നം. – S0072/23 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - ബയോ ഫ്ളോക് മത്സ്യകൃഷി
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തൽ

| | |
|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 147200 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 73600 |
| ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) | 331200 |
| ആകെ അടങ്കൽ | 552000 |

ചെലവ് വിവരം : ബിൽ നം.1/22-23/19.05.22 തുക 105717/-

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.22/18/ത.സ്വ.ഭ.വ. തീയതി 14-02-2018 ഉത്തരവ് പ്രകാരം 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ്

ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി. ആവരണം ചെയ്ത എച്ച്.ഡി.പി.ഇ. ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ.മീ. വലിപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന ബയോഫ്ളോക് അക്വാകൾച്ചറിന് ആകെ യൂണിറ്റ് ചെലവ് 138000/- രൂപയാണ്(മൂലധന ചെലവ്-92000, പ്രവർത്തന ചെലവുകൾ-46000). ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് അവർ ഹാജരാക്കിയ ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | ചെലവഴിച്ച തുക | അനുവദനീയമായ ചെലവ് | ആകെ സബ്സിഡി (40%) | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി (2/3 Of40%) | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ജാവദ് ചാലപ്പള്ളിൽ ഹൌസ് കുത്തിയതോട് | 103250 | 92000 | 36800 | 35772 | 24533 | 11239 |
| 2 | സി.സുരേഷ് കൊല്ലംപറമ്പിൽ പറയകാട് | 92630 | 92000 | 36800 | 34320 | 24533 | 9787 |
| 3 | ജിബിൻ വടക്കേത്തലയ്ക്കൽ കുത്തിയതോട് | 110798 | 92000 | 36800 | 35625 | 24533 | 11092 |
| ആകെ | | | | | 105717 | 73599 | 32118 |

സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയാൽ മതിയാകും എന്നിരിക്കെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ 40% തുകയും അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/22.08.23) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 32118/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കി

പ്രോജക്റ്റ് നം.19/23

അങ്കണവാടി പോഷകാഹാരം

മേൽ പ്രോജക്റ്റ് പ്രകാരം, സപ്ലൈ - കോ – ൽ നിന്നും വാങ്ങുന്ന ഭക്ഷ്യവസ്തുക്കൾ, അരി എന്നിവ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 24 അങ്കണവാടികളിൽ 3 രൂപ നിരക്കിലും 25.01.2023-ലെ കമ്മറ്റി തീരുമാനം (നം.3/1) പ്രകാരം 3.50 രൂപ നിരക്കിലും എത്തിക്കുന്നതിന് കരാർ ഏറ്റെടുത്ത ശ്രീ. സുരേന്ദ്രൻ വി.കെ., കൊട്ടപ്പള്ളി, തുറവൂർ എന്ന വ്യക്തിയ്ക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ താഴെ പറയും പ്രകാരം അധികം തുക നല്കിയതായി കാണുന്നു.

| ക്രമ നം. | ബിൽ നം. തീയതി | കി.ഗ്രാം | അനുവദിയ്ക്കാവുന്ന നിരക്ക് |
|---|---|---|---|
| 1 | 0405202/22230- 30.04.2022 | 3240 | 9720 |
| 2 | 0405202/22297- 31.05.2022 | 125 | 375 |
| 3 | 0405202/22574- 30.07.2022 | 1476 | 4428 |
| 4 | 0405202/221238- 30.11.2022 | 2125 | 6375 |
| 5 | 0405202/22574- 19.08.2022 | 836 | 2508 |
| 6 | 0405202/221849- 20.03.2022 | 2629 | 9202 |

| | | | |
|---|---|---|---|
| 7 | ലഭ്യമാക്കിയില്ല | 310 | 930 |
| 8 | ലഭ്യമാക്കിയില്ല | 400 | 1400 |
| | ആകെ | 11141 | 34938 |

ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അനുവദിച്ച തുക

| ബിൽ നം./ തീയതി | തുക |
|---|---|
| 8/22-23/10.11.22 | 17898 |
| കേന്ദ്ര വിഹിതം | 24843 |
| " ചെക്ക് നം.686828/30.03.2023 | 7417 |
| ആകെ | 50158 |

അധികം നല്കിയ തുക- 15,220/-

ഫയൽ പരിശോധിച്ചതിൽ, മേൽ പട്ടികയിലെ ക്രമ നം. 3, 4, 5, 7 എന്നിവ പ്രകാരമുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലെ തുകകൾ രണ്ട് പ്രാവശ്യം മാറി നല്കിയിട്ടുണ്ട് എന്ന് വ്യക്തമായി. (കേന്ദ്രവിഹിതമിനത്തിൽ 28.03.2023- ൽ പിൻവലിച്ച തുകകളിൽ നിന്നും വീണ്ടും തുക മാറി നല്കി.) മേൽ പ്രകാരം തുക അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/23.08.2023) ലഭ്യമാക്കിയ മറുപടിയിൽ അധികം നല്കിയ തുക 2023-24 സാമ്പത്തിക വർഷത്തെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നല്കുമ്പോൾ ടി തുക കിഴിച്ച് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, അധികം നല്കിയ തുക മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ കുറവ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അധികം നല്കിയ തുക- 15,220/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 820000 | ലൈഫ് | 820000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 100000 | അഗതി ആശ്രയ | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഭവനനിർമ്മാണം | | |
| ജില്ലാപഞ്ചായത്ത് | 2022-2023 | 90000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 2485000 | ലൈഫ് | 2485000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 100000 | അഗതി ആശ്രയ ഭവനനിർമ്മാണം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 700000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 700000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക് നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ റീപ്ലേസ്മെന്റ് | 42200647/09.11.22 | 158000 | 0 | 158000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ റീപ്ലേസ്മെന്റ് | 42200800/29.12.22 | 9400 | 0 | 9400 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 42201493/31.03.23 | 523240 | 0 | 523240 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 42201496/31.03.23 | 700000 | 0 | 700000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6940000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | 6940000 | 20398326 | 3410370 | ഇല്ല | 23927956 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 7480183 |
| തൻവർഷം നിക്ഷേപിച്ച തുക | 230554 |
| ആകെ | 7710737 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7710737 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ADCB | 31.03.2023 | 1 Year | 7480183 | |
| | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 44890/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2021-2022 | 1-28 | 11652 | ശ്രീ. ബിബിൻ ജോസ് | 1220100986/ 19.08.2022 |
| No. LFAP2/ 550/11/ Dtd-17.12.2011/ 31.01.2012 | 2-6(1,2) | 31400 | ശ്രീ. പി എം ഷാജി | 1220101701/ 31.10.2022 |

| | | | | |
|---|---|---|---|---|
| 2021-2022 | 1-36 | 1838 | ശ്രീ.അജയകുമാർ | 1220102007/ 05.12.2022 |
| ആകെ | | 44980 | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67972384 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42667159 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9512 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 47338 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2025408 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3512 | | ശ്രീ. പി സി സേവ്യർ, സെക്രട്ടറി |
| 2-2 | 6000 | | ശ്രീ. പി സി സേവ്യർ, സെക്രട്ടറി |
| 3-1 | | 32118 | ശ്രീമതി നിഷ എലിസബത്ത് ജോഷ്വോ, ഫിഷറിസ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-2 | | 15220 | ശ്രീമതി. റീന മനോജ്, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 9512 | 47338 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 503565 | ശ്രീമതി. ജയ ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 30204 | ശ്രീമതി. ജയ ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 1424031 | ശ്രീ. പി ആർ സജി, സെക്രട്ടറി |
| 1-43 | 67608 | ശ്രീ. പി ആർ സജി, സെക്രട്ടറി |
| ആകെ | 2025408 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി സി സേവ്യർ, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | പള്ളുരുത്തിക്കരി, സി എം സി |
| ശ്രീമതി. നിഷ എലിസബത്ത് ജോഷ്വോ, ഫിഷറിസ് എക്സ്റ്റെൻഷൻ ഓഫീസർ | കുണ്ടറ മത്സ്യഭവൻ. മിനി സിവിൽ സ്റ്റേഷൻ | മഹിമ, ജനകീയ നഗർ 59 എ, പട്ടത്താനം പി ഒ, കൊല്ലം |
| ശ്രീമതി. റീന മനോജ്, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കഞ്ഞിക്കുഴി | രാമനിലയം, റെയിൽവേ സ്റ്റേഷന് സമീപം, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | ചേർത്തല |
| ശ്രീമതി. ജയ ബി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കണ്ണാപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ | ചമ്പക്കാട്, അർത്തുങ്കൽ പി ഒ, ചേർത്തല |
| ശ്രീ. പി ആർ സജി, സെക്രട്ടറി | സെക്രട്ടറി, കുത്തിയതോട് ഗ്രാമപഞ്ചായത്ത് | സിന്ധു നിവാസ്, സി എം സി 14, ചേർത്തല |

## 4-10 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2007-08 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2008-09 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2009-10 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2010-11&2011-12 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2012-13 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2013-2014 & 2014-15 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2015-16 | കെ എസ് എ എ എൽ പി പി -2/1236/2022, തീയതി-25.10.2022 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |
| 2017-2018 | കെ.എസ്.എ.എ.എൽ.പി/പി2-1204/18/21.6.2019 |
| 2018-2019 | കെ.എസ്.എ.എ.എൽ.പി/പി2-406/20/25.5.20 |

| | |
|---|---|
| 2019-2020 | കെ.എസ്.എ.എ.എൽ.പി/പി2-731/2021/25.09.2021 |
| 2020-2021 | കെ.എസ്.എ.എ.എൽ.പി/പി2-735/2021/25.09.2021 |
| 2021-2022 | കെ.എസ്.എ.എ.എൽ.പി/പി2-1043/2022/29.09.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuthiathode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuthiathode Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kuthiathode Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

OTHER OBSERVATIONS

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3)Total expenditure under Development Fund (TSP) shown in ACR is Rs.137000/- and as per Annual Financial Statement (I-6) and Expenditure statement the amount of expenditure under this item is Rs.-121834/-.

4)National Bank of Own Fund Revenue Account and TP Account pass books were not produced during the audit.

5)Property tax demand amount is matched with annual financial statement and sanchaya software. But collection and balance amounts are not matched.

6) Demand entries are not recorded in time. No demand entry is recorded in the property tax ledger at the beginning of the year and every month thereafter. Records are available only as on 31.03.2023.

7)Asset register is not updated and and hence its accuracy could not be verified.

8)Rent amounts shown in Rent Register is not matched with annual financial statement.

9)DCB is not recorded in the permit register.

10) F. D Receipt as per certificate disgrees with the same in annual financial statement .

11) The rent and Auction amounts shown in Deposit Register disgrees with the same in annual financial statement .

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്